


**Round 1:_15-10-2023_Questions from Week 1 to Week 15 _Malayalam**

## Week -1 (December_18_2022)

1. ലിറ്റർജി എന്ന വാക്കിന്റെ അർത്ഥം എന്താണ് ?

ലെയ്ത്തൂർഗിയ എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് ലിറ്റർജി എന്ന വാക്ക് രൂപം കൊണ്ടത്. ഇത് രണ്ട് പദങ്ങൾ കൂടിച്ചേരുന്നതാണ്

1.ലെയ്ത്ത്= പൊതുവായത് അല്ലെങ്കിൽ ജനത്തിന് വേണ്ടിയുള്ളത്.

2.എർഗോൺ = പ്രവൃത്തി

അങ്ങനെ ലീറ്റർജി എന്നത് ജനത്തിനു വേണ്ടിയുള്ളതോ ജനത്തിന്റെ പേരിലുള്ള ശുശ്രൂഷ എന്ന പൊതു പ്രവർത്തി എന്നോ എന്നാണ് അർത്ഥമാക്കുന്നത്

2. കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം ലിറ്റർജിയെ നിർവചിച്ചിരിക്കുന്നത് എപ്രകാരമാണ്?

ദൈവത്തിന്റെ പ്രവർത്തിയിലെ ദൈവജനത്തിന്റെ പങ്കാളിത്തമാണ് ലിറ്റർജി. ലിറ്റർജിയിലൂടെ നമ്മുടെ രക്ഷകനും മഹാപുരോഹിതനമായ മിശിഹാ തന്റെ സഭയിലും സഭയിലൂടെയും മനുഷ്യന്റെ രക്ഷാകർമ്മം തുടരുന്നു.

3. എപ്രകാരമാണ് ലിറ്റർജി ദൈവിക വിളിയോടുള്ള മനുഷ്യന്റെ ആധികാരിക പ്രത്യുത്തരമാകുന്നത്?

വിശുദ്ധ ഗ്രന്ഥം ദൈവത്തിന്റെ മനുഷ്യരോടുള്ള വിളിയാണ്. ലിറ്റർജി ദൈവിക വിളിയോടുള്ള മനുഷ്യന്റെ ആധികാരിക പ്രത്യുത്തരമാണ് . ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധം അല്ലെങ്കിൽ കൈമാറ്റം പ്രകടിപ്പിക്കുന്നതിവിടെയാണ്. വിശുദ്ധ ഗ്രന്ഥം ദൈവഹിതം വെളിപ്പെടുത്തുന്നു. ലിറ്റർജിയിൽ, പ്രാർത്ഥനകളും ഗീതങ്ങളും ദൈവത്തോടുള്ള മനുഷ്യന്റെ ആഗ്രഹങ്ങൾ പ്രകടിപ്പിക്കുന്നു. അങ്ങനെ ആരാധനക്രമത്തിൽ ദൈവവും മനുഷ്യരും അവരുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ അതിന്റെ പൂർണ്ണതയിൽ പരിശ്രമിക്കുന്നു.

4.ലിറ്റർജി ആഘോഷിക്കപ്പെടുന്നത് പരിശുദ്ധ സ്ഥലത്തും പരിശുദ്ധ സമയത്തുമാണ്. എന്താണ് പരിശുദ്ധ സ്ഥലം?

ഭൂമിയിലെ സ്വർഗ്ഗത്തെ സൂചിപ്പിച്ച ആരാധനക്രമ ആഘോഷത്തിനായി പ്രത്യേകം മാറ്റിയിരിക്കുന്ന സ്ഥലമാണ് പരിശുദ്ധ സ്ഥലം. പൊതുവേ ഇത് ദേവാലയങ്ങളാണ്.

5. ജെറുസലേം ദേവാലയത്തിന്റെ മാതൃകയിലാണ് പൗരസ്ത്യ സുറിയാനി ദേവാലയങ്ങൾ

നിർമ്മിക്കപ്പെട്ടിരിക്കുന്നത്. പൗരസ്ത്യ സുറിയാനി ദേവാലയങ്ങളുടെ മൂന്നു പ്രധാനപ്പെട്ട

ഭാഗങ്ങൾ ഏതൊക്കെ?

a. കങ്കേ(വിശുദ്ധ സ്ഥലം)

b. കെസ്ത്രോമ (ഗായക സംഘത്തിന്റെ സ്ഥലം)

c. ഹൈക്കല (സമൂഹവേദി)

6.ഈ മൂന്ന് പ്രധാന ഭാഗങ്ങളോടൊപ്പം ചേർക്കപ്പെട്ടിരിക്കുന്ന പൗരസ്ത്യ സുറിയാനി ദേവാലയങ്ങളിലെ പ്രധാന ഭാഗങ്ങൾ ഏവ?

1. മാമോദീസ തൊട്ടി/ബേസ് മാമോദീസ
2. ബേസ് മൂറോൻ
3. സങ്കീർത്തി
4. ബേസ് സഹദേ; വിശുദ്ധരുടെ തിരുശേഷിപ്പ് സൂക്ഷിക്കുന്ന സ്ഥലം.
5.സോപ/മോണ്ടളം

7.കെസ്ത്രോമ യ്ക്ക് മൂന്നുപടി മുകളിലായി സ്ഥിതിചെയ്യുന്ന മദ്ബഹായുടെ പ്രധാന ഘടകങ്ങൾ ഏതെല്ലാം?

1.മദ്ബഹാ വിരി

2.അൾത്താര

3.സുവിശേഷ ഗ്രന്ഥം

4.മസ്ദപ്സാ

5.മാർതോമാ സ്ലീവ

6.ബേസ്ഗസേ - അൾത്താരയുടെ വലതും ഇടതും വശത്തുണ്ട്.

വലതുവശത്ത് പീലാസയും, ഇടതുവശത്ത് കാസയും ഒരുക്കുന്നു.

7. കെടാവിളക്ക് (മദ്ബഹാ വിളക്ക്) : നിരന്തര ദൈവസാന്നിധ്യത്തിന്റെഅടയാളം .

ആരാധന ക്രമത്തിലെ ആഘോഷങ്ങൾക്ക് ഈ വിളക്കിൽ

നിന്നാണ് മറ്റുവിളക്കുകൾ കത്തിക്കുന്നത്.

8. ഹൈക്കലയോട് ചേർന്നുള്ള പ്രധാന ഘടകങ്ങൾ ഏതൊക്കെയാണ്?

1. ബേമ - ഭൗമിക ജെറുസലേമിന്റെ പ്രതീകം
2. വചനമേശ - ഗാഗുൽത്തായുടെ അടയാളം
3. ബേമയുടെ വലതും, ഇടതും രണ്ടു വായനപീഠങ്ങൾ - പഴയ നിയമത്തിനും പുതിയ നിയമത്തിനും

9. എന്താണ് സ്കാക്കോന?

ബേമയിൽ നിന്നും മദ്ബാഹായിലേക്കുള്ള വഴിയാണിത്. ഇത് സ്വർഗ്ഗത്തിലേക്കുള്ള ഇടുങ്ങിയ വഴിയുടെയും ജീവന്റെ വഴിയുടെയും പ്രതീകമാണിത്.

10.പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ പ്രധാന പുസ്തകങ്ങൾ എവ?

1. തക്സാ ദ് കുദ്ശേ - കാർമ്മികൻ കൂദാശകൾ പരികർമ്മം ചെയ്യുന്ന ഔദ്യോഗിക പുസ്തകം.

2. തക്സാ ദ് കുദ്ശാ - പരിശുദ്ധ കുർബ്ബാനയുടെ ക്രമം ഉൾക്കൊള്ളുന്ന പുസ്തകം

3. തക്സാ ദ് എപ്പിസ്കോപ്പ - പൊന്തിപ്പിക്കൽ : പൗരോഹിത്യ ക്രമങ്ങൾക്കും ഉന്നത അധികാര സ്ഥാനാരോഹണങ്ങൾക്കും, പരിശുദ്ധ മൂറോന്റെയും, ദേവാലയങ്ങളുടെയും അൾത്താരകളുടെയും കൂദാശകൾക്കും പരികർമ്മത്തിനായി മെത്രാൻ ഉപയോഗിക്കുന്ന പുസ്തകം

4. പ്രഘോണ ഗ്രന്ഥങ്ങൾ - കെറിയാന, ശ്ലീഹാ, ഏവൻഗേലിയോൻ

11. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ ആരാധനാക്രമ തിരുവസ്ത്രങ്ങൾ ഏതൊക്കെ?

1. കൊത്തീന
2. സൂനാറ
3. ഊറാറ
4. സന്ദേ
5. പൈന (കാപ്പ)
6. മ്സാനെ (വിശുദ്ധ സ്ഥലത്തു ധരിക്കുന്ന പാദരക്ഷകൾ)

12. ആരാധനാക്രമത്തിലെ പ്രധാന ഘടകങ്ങൾ ഏവ?

a. റാസ(പരിശുദ്ധ കുർബാനയും, മറ്റു കൂദാശകളും, കൂദാശാനുകരണങ്ങളും)
b. യാമ പ്രാർത്ഥനകൾ

13. കൂദാശാനുകരണങ്ങൾ രണ്ടു വിധം ഏതൊക്കെ?

ആശിർവാദങ്ങൾ - വ്യക്തികൾ, സ്ഥലങ്ങൾ,വസ്തുക്കൾ

ഭൂതോച്ചാടനം - വ്യക്തികൾ, സ്ഥലങ്ങൾ, വസ്തുക്കൾ

14.ദൈവശാസ്ത്രപരമായ സഭയിലെ ഏഴ് കൂദാശകൾ മൂന്നുഗണങ്ങളായി തിരിക്കുന്നു ഏതൊക്കെയാണവ

പ്രാരംഭ കൂദാശകൾ - മാമോദിസ തൈലാഭിഷേകം വിശുദ്ധ കുർബാന

സൗഖ്യ കൂദാശകൾ - വിശുദ്ധ കുമ്പസാരം രോഗിലേപനം

ശുശ്രൂഷയുടെ കൂദാശകൾ - വിവാഹം പൗരോഹിത്യം

15.ആരാധനക്രമ കുടുംബം രൂപീകരിക്കുന്നതിന് സ്വാധീനിക്കുന്ന രണ്ട് ഘടകങ്ങൾ ഏവ?

ശ്ലീഹന്മാരുടെ പാരമ്പര്യവും, പ്രാദേശിക സമൂഹത്തിന്റെ സാംസ്കാരിക പശ്ചാത്തലവും

16. ശ്ലീഹന്മാരുടെ പാരമ്പര്യത്തിലെ ഘടകങ്ങൾ ഏവ?

വിശ്വാസം, വിശുദ്ധ ഗ്രന്ഥം, കൂദാശകൾ, ധാർമികത, ദൈവികാധികാരം

17. ആരാധനക്രമ കുടുംബരൂപീകരണത്തിലെ സാംസ്കാരിക പശ്ചാത്തലം ഉൾക്കൊള്ളുന്ന ഘടകങ്ങൾ ഏവ?

1, പ്രാദേശികതലത്തിലെ തനതായ ജീവിതസാഹചര്യങ്ങൾ 2, മാനസികതലം 3, ജീവിതശൈലി

4. ഭാഷ **5.** സംസ്കാരം തുടങ്ങിയവ

18.ആറ് ആരാധന കുടുംബങ്ങൾ ഏവ?

1. കൽദായ /പൗരസ്ത്യ സുറിയാനി /
2. അന്ത്യോക്യൻ/പാശ്ചാത്യ സുറിയാനി
3. അലക്സാണ്ട്രിയൻ /കോപ്റ്റിക്
4. അർമേനിയൻ
5. ബൈസസന്റൈയിൻ /ഗ്രീക്ക്
6. റോമൻ /ലത്തീൻ

19.പൗരസ്ത്യ സുറിയാനി ആരാധകർ ഉൾപ്പെടുന്ന സഭകൾ ഏതെല്ലാം?

1. കൽദായ കത്തോലിക്കാ സഭ

2.സീറോ മലബാർ കത്തോലിക്കാ സഭ

3.അസീറിയൻ പൗരസ്റ്റ് സഭ (കത്തോലിക്ക സഭയല്ല)

4. പൗരസ്ത്യപുരാതന സഭ (കത്തോലിക്കാ സഭയല്ല) –

20.ആരാധനക്രമ പുസ്തകത്തിൽ കാണുന്ന പ്രധാന വിശുദ്ധഗ്രന്ഥാധിഷ്ഠിതമായ പ്രാർത്ഥന ക്രമം ഏതാണ്?

1.സ്വർഗ്ഗസ്ഥനായ പിതാവേ

2.സങ്കീർത്തനം

3.ഗീതങ്ങൾ

4.സ്തുതിപ്പുകൾ

5.ആശീർവാദം

6. ദൈവസ്തുതി

7.പ്രകീർത്തനം

## Week -2 (December_25_2022)

1 എന്താണ് ബേമ?

പൗരസ്ത്യ സുറിയാനി പള്ളിയുടെ ഘടനയിൽ ദൈവവചന ശുശ്രൂഷ നടത്തപ്പെടുന്ന സ്ഥലമാണ് ബേമ. ഇത് ഹൈക്കലയുടെ മധ്യത്തിൽ ഹൈക്കലായെക്കാൾ ഉയർന്ന് സ്ഥിതി ചെയ്യുന്നു.

2.പൗരസ്ത്യ സുറിയാനി പള്ളിയിലെ ബേമയുടെ ഉത്ഭവം എവിടെ നിന്നാണ്?

യഹൂദ സിനാഗോഗ് ഘടനയിൽ നിന്നും പൗരസ്ത്യ സുറിയാനി സഭ സ്വീകരിച്ചതാണ് ബേമ.

3. മാർ ഗബ്രിയേൽ ഖത്രായ ബേമയെ എന്തിന്റെ പ്രതീകമായാണ് പഠിപ്പിക്കുന്നത്?

ഭൗമിക ഓർശ്ലേമിന്റെ.

4) എന്തുകൊണ്ടാണ് ബേമ ഹൈക്കലയുടെ നടുവിൽ സ്ഥാപിക്കുന്നത്?

വചനം മാംസം ധരിച്ച് നമ്മുടെ മധ്യേ വസിച്ചു (യോഹന്നാൻ 1:14). ഈശോ മ്ശീഹാ ജനത്തെ പഠിപ്പിച്ചത് അവരുടെ മധ്യേ ആയിരുന്നുകൊണ്ടാണ്.

5) പൗരസ്ത്യ സുറിയാനി ബേമയുടെ ഭാഗങ്ങൾ ഏതൊക്കെയാണ്?

ബേമയുടെ മധ്യത്തിലുള്ള മേശ (Minor Altar)

മെത്രാന്റെ സിംഹാസനം, അർക്കദിയാക്കോന്റെയും മറ്റ് പട്ടക്കാരുടെയും ഇരിപ്പിടങ്ങൾ.

ബേസ് കാറോയാ അഥവാ വായനാപീഠങ്ങൾ

6 ) ബേമയുടെ മധ്യത്തിലുള്ള വചനപീഠത്തിന്റെ (മേശ) പേര് എന്താണ്?

ഗാഗുൽത്താ

7) ബേമയിലെ ഗാഗുൽത്തായിൽ എന്തൊക്കെയാണ് ഉള്ളത്?

പരിശുദ്ധ സുവിശേഷവും, വിശുദ്ധ സ്ലീവായും.

8) ഗാഗുൽത്തായിൽ പ്രതിഷ്ഠിച്ചിരിക്കുന്ന പരിശുദ്ധ സുവിശേഷവും, വിശുദ്ധ സ്ലീവായും എന്തിനെ സൂചിപ്പിക്കുന്നു?

ജനങ്ങളെ പഠിപ്പിച്ചുകൊണ്ട് അവരുടെ മധ്യേ ആയിരുന്ന ഈശോ മിശിഹായെ സൂചിപ്പിക്കുന്നു

9) മർഗായിലെ തോമസ് ഗാഗുൽത്തായെക്കുറിച്ച് എന്താണ് പഠിപ്പിക്കുന്നത്?

ബേമയുടെ മധ്യത്തിലെ പീഠം പഴയനിയമ ഉടമ്പടിയുടെ പ്രതീകമാണ്. പരിശുദ്ധ സുവിശേഷവും, വിശുദ്ധ സ്ലീവായും പുതിയനിയമ ഉടമ്പടിയുടെയും.

10) ബേമയിലേക്കുള്ള പടികൾ എന്തിനെ സൂചിപ്പിക്കുന്നു?

വിശുദ്ധ ഗ്രന്ഥത്തിൽ (ഉല്പത്തി 28:12, 2കോറിന്തോസ് 12:2) കാണുന്ന ഗോവണിയെ സൂചിപ്പിക്കുന്നു.

11) ബേമയിലേക്കുള്ള പടികൾ എവിടെയെല്ലാം?

മൂന്ന് വശങ്ങളിൽ (കിഴക്ക്, തെക്ക്, വടക്ക്).

12) പൗരസ്ത്യ സുറിയാനി പള്ളിയിലെ മെത്രാന്റെ സിംഹാസനത്തിന് തത്തുല്യമായി യഹൂദ സിനഗോഗ് ഘടനയിൽ എന്താണ് ഉള്ളത്?

മൂശെയുടെ സിംഹാസനം.

13) ബേമയിലെ ഇരിപ്പിടങ്ങൾ എപ്രകാരമാണ് സജ്ജീകരിച്ചിരിക്കുന്നത്?

ബേമയുടെ പടിഞ്ഞാറ് വശത്ത്, മദ്ബഹായ്ക്ക് അഭിമുഖമായി.

14) ഗാഗുൽത്തായുടെ ഇരുവശങ്ങളിലുമായുള്ള വായനാ പീഠങ്ങളിൽ ഏതൊക്കെ വായനകൾ ആണ് വായിക്കുന്നത്?

ഒന്നാമത്തെ(നിയമം)യും രണ്ടാമത്തെ(പ്രവചനം)യും വായനകൾ സമൂഹത്തിന്റെ വലത് വശത്തുള്ള പീഠത്തിലും, മൂന്നാമത്തെ (ശ്ലീഹാ) വായന സമൂഹത്തിന്റെ ഇടത് വശത്തുള്ള പീഠത്തിലും.

15) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ബേമയുടെ ആകൃതി എന്താണ്?

കുതിരയുടെ ലാടത്തിന്റെ അല്ലെങ്കിൽ ഇംഗ്ലീഷ് അക്ഷരമാലയിലെ 'U' എന്ന അക്ഷരത്തിന്റെ ആകൃതിയിൽ തുറന്ന ഭാഗം മദ്ബഹായ്ക്ക് അഭിമുഖമായി.

16) ബനഡിക്ട് പതിനാറാമൻ മാർപാപ്പ തന്റെ "ലിറ്റർജിയുടെ ചൈതന്യം" എന്ന ഗ്രന്ഥത്തിൽ ബേമയേക്കുറിച്ച് എന്ത് പറയുന്നു?

ആദ്യകാല പള്ളി കെട്ടിടങ്ങളിൽ, ആരാധനക്രമത്തിന് രണ്ട് സ്ഥലങ്ങളുണ്ട്. ആദ്യം, വചന ശുശ്രൂഷ കെട്ടിടത്തിന്റെ മധ്യഭാഗത്ത് നടക്കുന്നു. വചനത്തിന്റെ പീഠം, മെത്രാന്റെ ഇരിപ്പിടം, വായനാ പീഠങ്ങൾ എന്നിവ സ്ഥിതി ചെയ്യുന്നു. ഉയർന്ന ബെമയ്ക്ക് ചുറ്റും വിശ്വാസികൾ നിൽക്കുന്നു. അപ്പം മുറിക്കൽ ശുശ്രൂഷ നടക്കുന്നത് അൾത്താരയിൽ ആണ്.

17) പൗരസ്ത്യ സുറിയാനി പള്ളിയിൽ ബേമയെയും മദ്ബഹായെയും ബന്ധിപ്പിക്കുന്ന അഴിക്കാലുകളോട് കൂടിയ പാതയുടെ പേരെന്താണ്?

ശ്കാക്കോനാ

18) അർബേലിലെ ഗീവർഗീസ് ശ്കാക്കോനായെക്കുറിച്ച് എന്ത് പഠിപ്പിക്കുന്നു?

യാക്കോവ് ദർശനത്തിൽ കണ്ട സ്വർഗ്ഗത്തിലേക്കുള്ള കോവണി (ഉല്പത്തി 28:12).

സ്വർഗ്ഗത്തിലേക്കുള്ള വഴി

19) ശ്കാക്കോനാ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

വേലിയോട് കൂടിയ ഇടുങ്ങിയ വഴി, ഇടനാഴി.

20) അർബേലിലെ ഗീവർഗീസ് നൽകുന്ന വ്യാഖ്യാനം അനുസരിച്ച്

കെസ്ത്രോമാ എന്തിനെ സൂചിപ്പിക്കുന്നു?

ഭൂമിയിൽ നിന്നും സ്വർഗ്ഗം വരെയുള്ള ഭാഗത്തെ സൂചിപ്പിക്കുന്നു.

Week - 3 (1st January 2023

1) കെസ്ത്രോമായിൽ നിന്ന് മദ്ബഹായിലേക്കുള്ള മൂന്ന് പടികൾ എന്തിന്റെ പ്രതീകമാണ്?
മൂന്നാം സ്വർഗ്ഗം (2 കോറ 12:2)

2) അൾത്താരയെ മറ്റു പള്ളിയുടെ ഭാഗങ്ങളിൽ നിന്ന് വേർതിരിക്കുന്നത് എന്താണ്?
മദ്ബഹാവിരി

3) പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ എന്താണ് അൾത്താര വിരിയെ പറ്റി പറഞ്ഞത്?
മദ്ബാഹക്കു മുൻപിൽ വലിയ കവാടങ്ങളോടും ഐക്കണകളോടും കുടി സ്ഥാപിച്ചിരിക്കുന്ന മറ അല്ലെങ്കിൽ, ആരാധനയുടെ പല സമയങ്ങളിലും മദ്ബാഹയെ മറയ്ക്കുന്ന വിരി ഉപയോഗിക്കുന്ന പാരമ്പര്യങ്ങളിൽ പോലും ഇവ കെട്ടിടനിർമിതിപരമായോ ആരാധനക്രമപരമായോ മനുഷ്യനെ ദൈവത്തിൽനിന്ന് അകറ്റുന്ന അല്ലെങ്കിൽ മറയ്ക്കുന്ന ഒന്നായിട്ടല്ല മറിച്ച് അത് വന്നതും ലോകത്തിലേക്ക് വന്നുകൊണ്ടിരിക്കുന്നതും ആയ പരമോന്നതവും നിഗൂഢവുമായ* *Synkatabasis* ന്റെ വചനത്തിന്റെ രഹസ്യാത്മകതയെ കൂടുതൽ ഉയർത്തികാണിക്കുകയാണ് ചെയ്യുന്നത്.

4) മദ്ബഹാവിരി എന്തിന്റെ പ്രതീകമാണ്?
സ്വർഗ്ഗത്തിന്റെ വാതിൽ

5) കങ്കെ (വിശുദ്ധ സ്ഥലം) എന്തിന്റെ പ്രതീകമാണ്?
സ്വർഗ്ഗീയ ഓർശ്ലേം

6) പൗരസ്ത്യ സുറിയാനി പള്ളി ഘടനയിലെ 'Holy of Holies' എവിടുന്ന് സ്വീകരിച്ചതാണ്?
യഹൂദ ദേവാലയഘടനയിൽ നിന്ന്

7) മദ്ബഹാ എന്തിന്റെ പ്രതീകമാണ്?
നമ്മുടെ കർത്താവിന്റെ ഛായ
ദൈവത്തിന്റെ സിംഹാസനം
നമ്മുടെ കർത്താവിന്റെ കബറിടം

8) മദ്ബഹായിൽ എന്തൊക്കെയാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്?

മാർ സ്ലീവയും, പരിശുദ്ധ സുവിശേഷവും

9) മാർ സ്ലീവായും പരിശുദ്ധ സുവിശേഷവും എന്തിന്റെയൊക്കെ പ്രതീകമാണ്?
മാർ സ്ലീവാ  നമ്മുടെ കർത്താവിന്റെ ശരീരം
പരിശുദ്ധ സുവിശേഷം നമ്മുടെ കർത്താവിന്റെ ആത്മാവ്

10) പതിനാറാം നൂറ്റാണ്ടിൽ പോർച്ചുഗീസ് മിഷനറി അന്റോണിയോ ഗുവയ എഴുതിയ ജോർനാഡോ എന്ന പുസ്തകത്തിൽ നസ്രാണി പള്ളികളെക്കുറിച്ച് എന്താണ് പറയുന്നത്?

- അവരുടെ പള്ളികളിൽ മാർത്തോമ്മാ ശ്ലീഹായുടെ (മൈലാപ്പൂരെ) അത്ഭുത സ്ലീവാ പോലെയുള്ള സ്ലീവകൾ നിറഞ്ഞിരിക്കുന്നു, അതിനെ അവർ മാർത്തോമ്മാ സ്ലീവകൾ എന്ന് വിളിക്കുന്നു, ഇതിൽ നിന്ന് ഈ സ്ലീവയുടെ ആരാധനാ പ്രാധാന്യവും ആത്മബന്ധത്തിന്റെ പഴക്കവും കാണാൻ കഴിയും. പോർച്ചുഗീസുകാർ അത് കണ്ടെ ത്തിയ സമയത്തേക്കാൾ; പോർച്ചുഗീസുകാർ ഇന്ത്യയിലേക്ക് വരുന്നതിന് വർഷങ്ങൾക്ക് മുമ്പ് ഈ നസ്രാണികൾ നിർമ്മിച്ച പഴയ പള്ളികളെല്ലാം ഈ സ്ലീവായുടെ പെയിന്റിംഗും ശില്പവും കൊണ്ട   അലങ്കരിച്ചിരുന്നു.

11) ബെസ് മാമ്മോദീസ (മാമ്മോദീസയുടെ മുറി) എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
തെക്ക് ഭാഗത്ത് പള്ളിയോട് ചേർന്ന് മദ്ബഹായക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രത്യേക മുറിയാണിത്.

12) സങ്കീർത്തി എവിടെയാണ് സ്ഥിതി ചെയ്യുന്നത്?
മദ്ബഹായുടെ വടക്കുഭാഗത്ത് പള്ളിയോട് ചേർന്ന് മദ്ബഹായക്ക് പുറത്ത് സ്ഥിതി ചെയ്യുന്ന ഒരു പ്രത്യേക മുറിയാണിത്.

13) മദ്ബഹായുടെ (outer Sanctuary) ഘടകങ്ങൾ ഏതൊക്കെയാണ്?
തൂക്കുവിളക്ക്
ബേസ്ഗസ്സാ
ബേസ്   മാമ്മോദീസാലേക്കും സങ്കീർത്തിലേക്കുള്ള  വാതിലുകൾ

14. എന്താണ് മെസ്ഥപ്സാ?
അൾത്താരയെടോട് ചേർന്ന് മുമ്പിലുള്ള പടി.

15) പള്ളിയുടെ ഏറ്റവും ഉയർന്ന ഭാഗം ഏതാണ്?
മദ്ബഹാ

16) മദ്ബഹായുടെ മുകളിൽ സ്ഥിതി ചെയ്യുന്ന ഉയർന്ന ഗോപുരത്തിന്റെ പേര്?
തോറ

17 പള്ളിയിൽ വിശുദ്ധരുടെ തിരുശേഷിപ്പുകൾ സൂക്ഷിക്കുന്ന സ്ഥലത്തിന്റെ പേരെന്ത്?
ബേസ് സഹദേ (രക്തസാക്ഷികളുടെ ഭവനം)

18) മാർത്തോമ്മാ ന സ്രാണി പള്ളി വാസ്തുവിദ്യയുടെ പള്ളിക്ക് പുറത്തുള്ള ഏറ്റവും പ്രധാനപ്പെട്ട ഭാഗം ഏതാണ്?
കൽ സ്ലീവാ (കുരിശ്)

19) പള്ളിയുടെ കേന്ദ്രം എന്താണ്?
മദ്ബഹ

20) പൗരസ്ത്യ സുറിയാനി പാശ്ചാത്യ സുറിയാനി മദ്ബഹാ വിരികളുടെ വ്യത്യാസം എന്താണ്?

പാശ്ചാത്യ സുറിയാനി പള്ളികളിൽ  വലത്തുനിന്ന് ഇടത്തോട്ട് തുറക്കുന്ന രീതിയിൽ സജ്ജീകരിച്ചിരിക്കുന്നു. അതെ സമയം, പൗരസ്ത്യ സുറിയാനി  പാരമ്പര്യത്തിൽ  മധ്യത്തിൽ നിന്ന് ഇരുവശങ്ങളിലേക്കും തുറക്കുന്നു.

Week - 4 ( 8th January-2023)

**1. ആരാധനക്രമത്തിൽ അടയാളങ്ങൾ ഉപയോഗിക്കുന്നത് എന്തുകൊണ്ട് ?**

അടയാളങ്ങൾ അദൃശ്യമായ ദൈവിക യഥാർത്ഥ്യത്തെ  സൂചിപ്പിക്കുന്നു. ആഘോഷത്തിന്റെ ആഴവും അർത്ഥവും അതിന്റെ ദൈവിക സ്വഭാവവും പ്രകടിപ്പിക്കാൻ അടയാളങ്ങൾ ഉപയോഗിക്കുന്നു.

**2.** മക്സാനീസാ (ആരാധനക്രമ വിശറി മണി) എന്തു സൂചിപ്പിക്കുന്നു?

ഇത് മദ്ബഹാക്കു ചുറ്റുമുള്ള മാലാഖമാരുടെ സാന്നിധ്യത്തെ സൂചിപ്പിക്കുന്നു, ശബ്ദങ്ങൾ

ദിവ്യരഹസ്യങ്ങളുടെ ചുറ്റുമുള്ള സെറാഫുകളെയും അവരുടെ ചിറകടികളേയും സൂചിപ്പിക്കുന്നു.

**3**. ധൂപക്കുറ്റി എന്തിനെ സൂചിപ്പിക്കുന്നു?

പശ്ചാത്താപത്തിന്റെയും  സർവ്വശക്തനായ ദൈവത്തോടുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെയും പ്രതീകം. ധൂപക്കുറ്റി യിലെ കരി പാപത്തെ സൂചിപ്പിക്കുന്നു. അഗ്നി പരിശുദ്ധാത്മാവിനെ സൂചിപ്പിക്കുന്നു. പരിശുദ്ധാത്മാവിലാണ് കരി (ബലഹീനനായ മനുഷ്യൻ)തിളങ്ങുന്നതും കത്തുന്നതും. ധൂപം പരിശുദ്ധത്രിത്വത്തിന്റെ കൃപയെ സൂചിപ്പിക്കുന്നു. ധൂപം മുകളിലേക്ക് ഉയരുന്നത് പോലെ നമ്മുടെ പ്രാർത്ഥനകളും ദൈവ സന്നിധിയിലേക്ക് ഉയരണം. (സങ്കീ.141/2)

4. **ശോശപ്പാ എന്ത് സൂചിപ്പിക്കുന്നു ?**

കാപ്പയുടെ തുണിയിൽ നിന്നും ഉണ്ടാക്കിയ ചതുരാകൃതിയിലുള്ള വസ്ത്രമാണിത്, നമ്മുടെ കർത്താവിന്റെ കല്ലറയുടെ ആവരണത്തേയും,

കർത്താവിന്റെ ശരീരവും, മുഖവും മൂടിയ കച്ചയേയും, തുവാലയേയും സൂചിപ്പിക്കുന്നു.

**5.മ്കബലാനയുടെ ഉപയോഗം എന്താണ് ?**

കാസ മൂടാനാണ് ഇതു ഉപയോഗിക്കുന്നത്.

**6.കെത്താനയുടെ ഉപയോഗം എന്താണ് ?**

മദ്ബഹാ യുടെ മധ്യഭാഗത്ത് വിരിക്കുന്നതും വിശുദ്ധ കുർബാനയും വിശുദ്ധ വസ്തുക്കൾ വയ്ക്കുന്നതുമായ ചതുരാകൃതിയിലെ വെള്ള വസ്ത്രം ആണ് കെത്താന.

**7.എന്താണ് സങ്കീഞ്ഞ് ?**

വിശുദ്ധ പാത്രങ്ങൾ വൃത്തിയാക്കാൻ ഉപയോഗിക്കുന്ന തുണി.

**8.എന്താണ് കെറിയാനാ ?**

പഴയ നിയമ വായന ഉൾക്കൊള്ളുന്ന പ്രഘോഷണ ഗ്രന്ഥം. ( നിയമവും പ്രവാചകന്മാരും)

**9.എന്താണ് എങ്കർത്ത ?**

പൗലോസിന്റെ ലേഖനങ്ങളും ഏഴ് കാതോലിക ലേഖനങ്ങളും ഉൾക്കൊള്ളുന്ന പ്രഘോഷണ ഗ്രന്ഥം.

**10.എന്താണ് ഏവൻഗേലിയോൻ ?**

പരിശുദ്ധ സുവിശേഷങ്ങൾ ഉൾക്കൊള്ളുന്ന പ്രഘോഷണ ഗ്രന്ഥം.

**11.എന്താണ് ദപ്പാ ?**

എടുത്ത് മാറ്റാവുന്നതും തടിയിൽ നിർമ്മിതവുമായ മദ്ബഹായാണ് ദപ്പ അഥവാ തബ്ലൈത്താ. ഫല വൃക്ഷങ്ങളുടെ കാതൽ കൊണ്ടാണ് അത് നിർമ്മിക്കുന്നത്. സ്ഥിരമായി പ്രതിഷ്ഠിക്കപ്പെട്ട മദ്ബഹാ ഇല്ലാത്ത സ്ഥലങ്ങളിൽ ഇതുപയോഗിക്കുന്നു.

**12.മസ്കാനീസായുടെ മറ്റു പേരുകൾ എന്തെല്ലാം ?**

മക്സീത അല്ലെങ്കിൽ മക്സാന

**13. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ പൗരോഹിത്യക്രമങ്ങൾ എന്തെല്ലാം ?**

1. കാതോലിക്കോസ്
2. മെത്രാപ്പോലീത്തൻ
3. മെത്രാൻ
4. അർക്കദിയാക്കോൻ
5. കോർ-എപ്പിസ്കോപ്പ
6. കശീശ
7. മ്ശംശാന
8. ഹെവ്പദ്യാക്കോനീസ
9. കാറോയ.

**14.കാറോയയുടെ കടമയും ഉത്തരവാദിത്വവും എന്താണ് ?**

പൊതു ആരാധന ശുശ്രൂഷയിൽ വിശ്വാസ സമൂഹത്തിനു മുമ്പാകെ നിയമവും, പ്രവചകന്മാരും ഉൾപ്പെടുന്ന പഴയ നിയമവും, പുതിയ നിയമത്തിലെ ശ്ലീഹന്മാരുടെ നടപടികളും വായിക്കുക.

**15. ഹെവ്പദ്യാക്കോനയുടെ ഉത്തരവാദിത്വവും കടമയും എന്താണ് ?**

മദ്ബഹാ പരിശുദ്ധമായും ക്രമമായും വൃത്തിയായും സൂക്ഷിക്കുക, വിളക്ക് കത്തിക്കുക, കാറോയയുടെ എല്ലാ ഉത്തരവാദിത്വവും, ഹെവ്പദ് യാക്കോനയ്ക്ക് ഉണ്ട്. അവിശ്വാസികൾ പുറത്തുപോകുമ്പോൾ വാതിൽ സൂക്ഷിക്കുക, ഭൂതോച്ചാടനം നടത്താനുള്ള അവകാശവും ഹെവ്പദ്bmക്കോനക്ക് ഉണ്ട്.

**16.മ്ശംശാനയുടെ ഉത്തരവാദിത്വം കടമയും എന്താണ് ?**

ഏൽപ്പിക്കപ്പെട്ട ഇടവകയിലെ വൈദികരെയും ജനത്തെയും ശുശ്രൂഷിക്കുക. വിശുദ്ധ സ്ഥലത്തെയും പുരോഹിതനേയും ദൈവജനത്തെയും ധൂപിക്കുക, എങ്കർത്ത വായിക്കുക, ഇടവകയിലെ എല്ലാ ശുശ്രൂഷകളിലും വൈദികനെ സഹായിക്കുക.

**17. ആരുടെ സ്ഥാനത്താണ് വിശുദ്ധ കുർബാനയിൽ കാർമ്മികൻ നിൽക്കുന്നത് ?**

മിശിഹായുടെ പ്രതിനിധിയാണ് ബലിയർപ്പകൻ. ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മധ്യസ്ഥൻ, ദൈവജനത്തിനായി ബലിയർപ്പിക്കുന്നവൻ.നമ്മുടെ രക്ഷയ്ക്കുവേണ്ടി ബലിയർപ്പിച്ച ഏക നിത്യ പുരോഹിതനെ സൂചിപ്പിക്കാൻ ഒരു പുരോഹിതൻ ബലിയർപ്പിക്കുന്നു.

**18. വിശുദ്ധ കുർബാനയിലെ സഹകാർമ്മികർ ആരെ സൂചിപ്പിക്കുന്നു ?**

ശ്ലീഹന്മാരെ

**19. ആരുടെ സ്ഥാനത്താണ് മ്ശംശാന വിശുദ്ധ കുർബാനയിൽ നിൽക്കുന്നത് ?**

ഗബ്രിയേൽ മിഖായേൽ മാലാഖമാരുടെ സ്ഥാനത്ത്.

**20. ഏതൊക്ക ആരാധന കുടുംബങ്ങളിലാണ് നമുക്ക് മക്ക്സാനീസ സാന്നിധ്യം**

**കാണാനാകുന്നത്?**

കത്തോലിക്കാസഭയിൽ ആറ് ആരാധനക്രമ കുടുംബങ്ങൾ ഉണ്ട് .ഇവയിലെല്ലാം നമുക്ക് ഇത് കാണാം.

## Week - 5 ( 15th January 2023)

1. . പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ ആരാധനാക്രമ തിരുവസ്ത്രങ്ങൾ ഏതൊക്കെ?

1) കൊത്തീന
2) സൂനാറ
3) ഊറാറ
4) സന്ദേ
5) പൈന (കാപ്പ)
6) മ്സാനെ (വിശുദ്ധ സ്ഥലത്തു ധരിക്കുന്ന പാദരക്ഷകൾ)

**2. എന്താണ് കൊത്തീന?**

കഴുത്ത് മുതൽ കണങ്കാൽ വരെ നീളമുള്ള ട്യൂണിക്ക് വസ്ത്രം ആണിത്. ഏത് നിറവും ഇതിനാവാം. മേൽവസ്ത്രത്തിന് ഉപയോഗിക്കുന്ന സുറിയാനി പദമാണ് കൊത്തിനാ.

**3. കൊത്തീന എന്തു സൂചിപ്പിക്കുന്നു?**

മിശിഹായുടെയും, മിശിഹായിൽ നവീകരിക്കപ്പെട്ട മനുഷ്യന്റെയും പ്രതീകമാണ് കൊത്തീന. തിന്മയുടെ പഴയ മനുഷ്യനെ ഉപേക്ഷിച്ച് നന്മയുടെ പുതിയ മനുഷ്യനെ സ്വീകരിക്കേണ്ടതിന്റെ ആവശ്യകത ഈ തിരുവസ്ത്രം ഓർമിപ്പിക്കുന്നു.

**4. എന്താണ് സൂനാറ?**

കൊത്തീനയുടെ മുകളിൽ അരയിൽ ധരിക്കുന്ന ബെൽറ്റ് പോലുള്ള വസ്ത്രത്തിന് സുറിയാനി പദമാണ് സൂനാറ.

**5. സൂനാറ എന്തിനെ സൂചിപ്പിക്കുന്നു?**

സൂനാറ വിശുദ്ധിയെ സൂചിപ്പിക്കുന്നു. എല്ലാത്തരം ലൗകിക ചിന്തകളിൽ നിന്നും, വികാരങ്ങളിൽ നിന്നും അകന്ന് തികഞ്ഞ വിശുദ്ധിയോടെ നിർവഹിക്കേണ്ട തിരുകർമ്മങ്ങളാണ് വിശുദ്ധ

കുർബാനയും മറ്റ് ദൈവാരാധനകളും.

**6. എന്താണ്  ഊറാറ?**

കശീശ(പുരോഹിതൻ) കഴുത്തിൽ ധരിക്കുന്ന പ്രത്യേക വസ്ത്രമാണ് ഊറാറ. ഇതിന്റെ രണ്ട് അറ്റത്തിനും കൊത്തീനയുടെ അതേ നീളമുണ്ട്. ഹെവ്പദ്യാക്കോന അത് കഴുത്തിൽ ചുറ്റി അതിന്റെ അറ്റങ്ങൾ പുറകിലേക്കും മുന്നിലേക്കും വീഴുന്ന രീതിയിൽ ധരിക്കുന്നു. മ്ശംശാന അത് ഇടതു തോളിൽ ധരിക്കുന്നു. അപ്രകാരം അത് മുൻവശത്ത് കണങ്കാലിൽ വീഴുന്നു.

**7. ഊറാറ എന്ത് സൂചിപ്പിക്കുന്നു?**

എല്ലാ ആരാധന പാരമ്പര്യങ്ങളിലും ശുശ്രൂഷ പൗരോഹിത്യത്തിന്റെ അടയാള വസ്ത്രമാണ് ഈ തിരുവസ്ത്രം.

**8. എന്താണ് സന്ദേ?**

കൈ ഉറകൾക്കുള്ള അല്ലെങ്കിൽ കൈ വിലങ്ങുകൾക്കുള്ള സുറിയാനി പദമാണ് സന്ദേ. അവ കൊത്തീനായുടെ കൈകളുടെ അറ്റത്ത് നന്നായി കാണുന്നതിന് വച്ചിരിക്കുന്ന കൈ ആവരണങ്ങളാണ്.

**9. സന്ദേ എന്തിനെ സൂചിപ്പിക്കുന്നു?**

പരിശുദ്ധ ശുശ്രൂഷയ്ക്ക് കൈകൾ തയ്യാറായിരിക്കുന്നു.

**10. എന്താണ് പൈനാ?**

പുരോഹിതർ ധരിക്കുന്ന ഏറ്റവും പുറമേയുള്ള ആരാധന തിരുവസ്ത്രം ആണ് പൈനാ (കാപ്പ). ലത്തീൻ

പാരമ്പര്യത്തിലെ കോപ്പിന് (രീുല) സമാനമാണിത്. സുറിയാനിയിൽ ഇത് ഗുൽത്താ എന്നും അറിയപ്പെടുന്നു.

**11. പൈന എന്തിനെ സൂചിപ്പിക്കുന്നു?**

പൈന നീതിയുടെ വസ്ത്രമാണ്. പുരോഹിതൻ എല്ലാത്തരം പുണ്യങ്ങളുടെയും സ്രോതസ്സ് ആണെന്ന വസ്തുത ഇത് പ്രഖ്യാപിക്കുന്നു. ചരിത്രപരമായി പൈന ഇടയന്മാരുടെ പുറം വസ്ത്രമാണ്. അപ്രകാരം ഇത് പുരോഹിതന്റെ അജപാലനദൗത്യവും പ്രഘോഷിക്കുന്നു. പൈനായുടെ പുറത്തെ മാർ തോമ്മാ സ്ലീവ സ്വർഗ്ഗരാജ്യത്തിലേക്ക് സഭയെ നയിക്കുന്ന ഈശോമിശിഹായെ സൂചിപ്പിക്കുന്നു.

**12. എന്താണ് മ്ശാന?**

പുരോഹിതനും, മറ്റു ശുശ്രൂഷകരും കങ്കേക്കുള്ളിൽ (അതിവിശുദ്ധ സ്ഥലം)ആരാധന ക്രമസമയത്ത് ഉപയോഗിക്കുന്ന ഷൂ.

**13. മ്ശാനയുടെ പ്രതീകം എന്താണ്?**

എല്ലാ തിന്മകൾക്കും എതിരായ സമാധാനത്തിന്റെ സുവിശേഷത്തിനായുള്ള തയ്യാറെടുപ്പിനെ അവ സൂചിപ്പിക്കുന്നു. അവർ സർപ്പങ്ങളെയും തേളുകളെയും ശത്രുവിന്റെ എല്ലാ ശക്തികളെയും ചവിട്ടി മെതിക്കുകയും കാൽകീഴിൽ തള്ളുകയും ചെയ്യും. തിന്മയ്ക്ക് എതിരായ എല്ലാ വ്യാജ

അഹങ്കാരത്തെയും, ശരീരത്തിന്റെ മോഹങ്ങളെയും ചവിട്ടികുക. ഒരു യാത്രയുടെ ആരംഭത്തിലാണ് ഷൂസ് ധരിക്കുന്നത്. ഇത് ഒരു യാത്രയുടെ തയ്യാറെടുപ്പിനെയും സ്വർഗീയ ആരാധനയിലൂടെ സ്വർഗ്ഗരാജ്യം അനുഭവിക്കുന്നതിനുള്ള യാത്രയുടെ തുടക്കത്തെയും സൂചിപ്പിക്കുന്നു.

**14. ആരാധനാക്രമത്തിൽ നിൽക്കുന്നതിന്റെ അർത്ഥം എന്താണ്?**

നിൽക്കുക എന്നത് നമ്മുടെ ആരാധനാക്രമത്തിന്റെ പൊതുസ്വഭാവമാണ്. നിൽക്കുന്നത് ഉത്ഥാനത്തെ സൂചിപ്പിക്കുന്നു. സ്വർഗീയ പ്രത്യാശയുള്ള ഉത്ഥാനത്തിന്റെ മക്കളാണ് നമ്മൾ. ഈശോമിശിഹായിലും മാമോദിസായിമുള്ള വിശ്വാസത്താൽ മരണത്തിൽ നിന്നും എല്ലാത്തരം അടിമത്തത്തിൽ നിന്നും നാം മോചിതരാകുന്നു. ഈശോമിശിഹായുടെ രണ്ടാം ആഗമനത്തിന്റെ കാത്തിരിപ്പിനെയും ഇത് സൂചിപ്പിക്കുന്നു.

**15. ആരാധനാക്രമത്തിൽ മുട്ടുകുത്തുന്നതിന്റെ അർത്ഥം എന്താണ്?**

ദൈവീക സഹായം അഭ്യർത്ഥിക്കുന്ന മനുഷ്യന്റെ മനോഭാവം ഇത് വെളിപ്പെടുത്തുന്നു. ഇത് പ്രായശ്ചിത്തത്തെ സൂചിപ്പിക്കുന്നു.

**16. ആരാധനാക്രമത്തിൽ കുമ്പിടുന്നതിന്റെ അർത്ഥം എന്താണ്?**

സമർപ്പണം, ആദരവ്, ആരാധന, കൃതജ്ഞത എന്നിവ കുമ്പിടുന്നതിലൂടെ സൂചിപ്പിക്കുന്നു.

**17. ആരാധനാക്രമത്തിൽ കൈവിരിക്കുന്നത് എന്താണ് സൂചിപ്പിക്കുന്നത്?**

മറ്റുള്ളവർക്കായുള്ള യാചനയും മാദ്ധ്യസ്ഥവും.

**18. ആരാധനാക്രമത്തിൽ ചുംബനം എന്ത് സൂചിപ്പിക്കുന്നു?**

ബലിപീഠം, വിശുദ്ധ ഏവൻഗലിയോൻ, പരിശുദ്ധ സ്ലീവാ തുടങ്ങിയവിലെ ചുംബനം അവയോടുള്ള സ്നേഹവും ആദരവും ഉറച്ച പ്രതീക്ഷയും വിശ്വാസത്തെയും സൂചിപ്പിക്കുന്നു.

**19. സ്ലീവായയുടെ അടയാളം ( കുരിശടയാളം ) എങ്ങനെ ചെയ്യണം?**

വലത്തുനിന്ന് ഇടത്തേക്ക്. വലതുവശം പ്രകാശം വിശ്വാസം ദൈവിക ശക്തി രക്ഷ എന്നിവയെ സൂചിപ്പിക്കുന്നു. ഈശോയാകുന്ന വെളിച്ചം ഇരുട്ടിനെ അകറ്റുന്നു. ഈശോയുടെ സ്ലീവായിലെ ബലി രക്ഷയും ജീവനും പ്രദാനം ചെയ്യുന്നു. ഇടതുവശം ശിക്ഷിക്കപ്പെട്ട അന്ധകാര അവസ്ഥയെ സൂചിപ്പിക്കുന്നു. രക്ഷകൻ നമ്മെ അതിൽ നിന്നും സ്വതന്ത്രരാക്കുന്നു. ഈശോമിശിഹായാൽ അനുഗ്രഹിക്കപ്പെടുക എന്നും അതിനർത്ഥമുണ്ട്.

**20. കിഴക്കിന് അഭിമുഖമായി പ്രാർത്ഥിക്കുന്നതിന്റെ പ്രാധാന്യം എന്ത്?**

കിഴക്കിന് അഭിമുഖമായി പ്രാർത്ഥിക്കുന്നത് ശ്ലൈഹീക പാരമ്പര്യമാണ്. കിഴക്കിന് അഭിമുഖമായി പ്രാർത്ഥിക്കുന്നത് നമ്മുടെ കർത്താവീശോമിശിഹായുടെ രണ്ടാം ആഗമനത്തെ പ്രതിക്ഷിച്ചു തീർഥാടനം നടത്തുന്ന സഭയെ സൂചിപ്പിക്കുന്നു.

## Week - 6 ( 22nd January 2023)

**1.1578 ൽ റോമിലെ മാർപാപ്പയ്ക്ക് എഴുതിയ കത്തിൽ സുറിയാനി ഭാഷയെ കുറിച്ച് മാർ തോമ നസ്രാണികൾ എന്താണ് പറയുന്നത്?**

മാർതോമാ ശ്ലീഹാ ഞങ്ങൾക്ക് കൈമാറിയതും ഞങ്ങളെയും ഞങ്ങളുടെ മുൻഗാമികളെയും പഠിപ്പിച്ചതുമായ സുറിയാനി അല്ലെങ്കിൽ കൽദായ ഭാഷയിലാണ് ഞങ്ങളുടെ പ്രാർത്ഥനകൾ

**2. വിശുദ്ധ കുർബാനയിൽ (റാസ കന്തീശ) നാം എന്താണ് അനുസ്മരിക്കുന്നത്?**

രക്ഷാചരിത്രം മുഴുവനും പ്രത്യേകിച്ച് നമ്മുടെ കർത്താവായ ഈശോമിശിഹായുടെ പെസഹാരഹസ്യം.

**3. കുർബാന എന്ന വാക്കിന്റെ അർത്ഥം?**

അർപ്പണം

4. **റാസ എന്ന വാക്കിന്റെ അർത്ഥം?**

രഹസ്യം

**5. പ്രധാനപ്പെട്ട പൗരസ്ത്യ സുറിയാനി ആരാധനക്രമ വ്യാഖ്യാതാക്കൾ ആരെല്ലാം?**

നിസിബിസിലെ മാർ നർസായി, മാർ ഗബ്രിയേൽ ഖത്രായ, മാർ അബ്രാഹം ബർലിപ , അജ്ഞാത ഗ്രന്ഥ കർത്താവ് (അർബേലിയിലെ മാർ ഗീവർഗീസ്), മാർയോഹന്നാൻ ബർ സോബി, മാർ അബ്ദിശോ, മാർ തിമോത്തി രണ്ടാമൻ തുടങ്ങിയവർ.

**6.** ക്രിസ്തീയ ലോകത്ത് ഇന്ന് ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിൽ ഏറ്റവും പുരാതന അനാഫൊറ (കൂദാശ) ഏതാണ്?

മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ (ശ്ലീഹന്മാരുടെ കൂദാശ)

**7. യഹൂദ പാരമ്പര്യത്തിലെ ഏത് ആരാധനക്രമത്തെ അടിസ്ഥാനമാക്കിയാണ് മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ രൂപം കൊണ്ടത്?**

ബിർകാത് ഹ് മസോൺ (ഭക്ഷണത്തിനുശേഷമുള്ള പ്രാർത്ഥന)

**8. മദ്ബഹായിൽ ആരംഭിച്ച് ഹൈക്കലയുടെ മദ്ധ്യത്തിലുള്ള ബേമയിൽ അവസാനിക്കുന്ന സീറോ മലബാർ കുർബാനയിലെ ആരംഭപ്രതിക്ഷണം സൂചിപ്പിക്കുന്നത് എന്താണ്?**

ഈശോമിശിഹായുടെ ഭൂമിയിലേക്കുള്ള ആഗമനം

**9. പുക്ദാന്കോൻ – പുക്ദാനേ ദ്മിശിഹാ എന്ന പ്രാർത്ഥനയിൽ എന്താണ് അനുസ്മരിക്കുന്നത്?**

മിശിഹായുടെ കല്പനയനുസരിച്ച് രക്ഷാകര രഹസ്യം ഇവിടെ ആഘോഷി ക്കപ്പെടുന്നു.ഇത് മിശിഹായുടെ ശരീരം മുഴുവൻ അർപ്പിക്കുന്ന ആരാധനയാണ്, ഇ ത് പുരോഹിതന്റെ മാത്രം പ്രവർത്തിയല്ല.നമ്മുടെ കർത്താവിന്റെ ഈ വാക്കുകളും ഇവിടെ ഓർമ്മിക്കുന്നു. ബലിവസ്തു അവിടെ വച്ചിട്ട് പോയി ആദ്യം സഹോദ രനോട് രമ്യതപെടുക പിന്നെ വന്ന് ബലി അർപ്പിക്കുക.

**10. വിശുദ്ധ കുർബാനയിൽ അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി എന്ന ഗീതമാ ലപിക്കുമ്പോൾ എന്താണ് അനുസ്മരിക്കുന്നത്?**

വിശുദ്ധ കുർബാന എന്നത് സ്വർഗ്ഗീയ ആരാധനാക്രമത്തിലെ പങ്കാളിത്തമാണ്. ഈശോയുടെ ജനന സമയത്ത് മാലാഖമാർ സ്തുതിച്ചതുപോലെ ഇന്ന് സ്വർഗീയ ആ രാധനാക്രമത്തിന്റെ ഭാഗമായ നാം അവനെ സ്തുതിക്കുന്നു കൂടാതെ നാം നമ്മുടെ ക ർത്താവിന്റെ ജനനത്തെ അനുസ്മരിക്കുന്നു.

**11. എന്തുകൊണ്ട് അത്യുന്നതങ്ങളിൽ ദൈവത്തിന് സ്തുതി എന്ന ഗീതം മൂന്നു പ്രാ വശ്യം ആലപിക്കുന്നു?**

മൂന്ന് പ്രാവിശ്യം സ്തുതിക്കുന്നത് പരിശുദ്ധ ത്രിത്വത്തെയാണ് കുടാതെ നമ്മുടെ കർത്താവിന്റെ മാനുഷികത പൂർണ്ണ ശരീരവും പൂർണ്ണ ആത്മാവും പൂർണ്ണ മനസും ഉൾചേർന്നതാണ്.

**12. കാനോനയോട് കൂടെ സ്വർഗ്ഗസ്ഥനായ പിതാവ് എന്ന പ്രാർത്ഥന വിശുദ്ധ കുർബാനയുടെ ആരംഭത്തിൽ എന്തുകൊണ്ട് ചൊല്ലുന്നു?**

ദൈവത്തിന്റെ നാമത്തെ മഹത്വപ്പെടുത്തുക എന്നുള്ള കർത്താവിന്റെ പ്രാർത്ഥനയിലെ ഒന്നാമത്തെ യാചനയുടെ തുടർച്ചയാണ് കാനോന. നമ്മുടെ കർത്താവ് പഠിപ്പിച്ച പ്രാ ർത്ഥനയോടെ ആരാധനാക്രമങ്ങൾ ആരംഭിക്കുന്നതും, അവസാനിപ്പിക്കുന്നതും പൗ രസ്ത്യ സുറിയാനി സഭയുടെ പാരമ്പര്യമാണ്. കർത്താവ് പഠിപ്പിച്ച പ്രാർത്ഥനയിൽ എല്ലാ പ്രാർത്ഥനകളും ഉൾപ്പെടുന്നു. എല്ലാ പ്രാർത്ഥനകളുടെയും അടിസ്ഥാനം കൂടി യാണിത്.

**13. ഒരു മർമീസായിൽ എത്ര സങ്കീർത്തനങ്ങൾ ഉണ്ട്?**

മൂന്ന് സങ്കീർത്തനങ്ങൾ.

**14. ആരാധന ക്രമത്തിലെ മർമീസാക്കുള്ള ദൈവശാസ്ത്ര പ്രാധാന്യം എന്താണ്?**

ദാവീദിന്റെ വംശത്തിൽ പരിശുദ്ധ കന്യകാമറിയത്തിൽ നിന്ന് ദൈവപുത്രനായ കർ ത്താവായ ഈശോമിശിഹാ ജനിച്ചു. അവന്റെ ജനനം വരെ പഴയ നിയമത്തിന് അധി കാരം ഉണ്ടായിരുന്നു. മിശിഹായുടെ വരവിനായി കാത്തിരിക്കുന്ന പഴയ നിയമകാലത്തെ സൂചിപ്പിക്കുന്നു

**15. എന്തുകൊണ്ട് വിശുദ്ധ കുർബാനയിൽ മർമീസാ ചൊല്ലുന്നു?**

പൂർവികരുടെ ത്രിവിധ നിയമങ്ങളെ പൂർണ്ണമാക്കിയ ഈശോമിശിഹായുടെ മൂ ന്ന് ദശകങ്ങളെയാണ് മൂന്ന് സങ്കീർത്തന ഗണങ്ങൾ സൂചിപ്പിക്കുന്നത്. സ്വാഭാവിക

വും നൽകപ്പെട്ടതും എഴുതപ്പെട്ടതുമായ നിയമങ്ങൾ.

**16. എന്താണ് ഹുല്ലാല?**

മൂന്ന് മർമീസാകളുടെ സമാഹാരമാണിത്.

**17. എന്താണ് ശുഹലാപ?**

മർമീസാ അവസാനിക്കുന്നതിനു മുൻപ് അവസാന രണ്ട ് വാക്യങ്ങളുടെ രാഗം മാറുന്നു. ഈ വാക്യങ്ങൾ ശുഹലാപ എന്നാണ് അറിയപ്പെടുന്നത്.

**18. ശുഹലാപ ആലാപനം എന്ത് സൂചിപ്പിക്കുന്നു?**

പാപമോചനത്തിന്റെ മാമ്മോദീസായിലൂടെ മാർ യോഹന്നാൻ മാംദാന അവതരിപ്പിച്ച നിയമത്തിന്റെ മാറ്റത്തെ.

**19. എന്തുകൊണ്ടാണ് കാനോനാ മർമീസായിൽ ഉൾപ്പെടുത്തിയിരിക്കുന്നത്?**

സങ്കീർത്തനങ്ങളുമായി ഈശോമിശിഹായ്ക്കും, മിശിഹായുടെ ശരീരമായ സഭ യ്ക്കുള്ള ബന്ധം സൂചിപ്പിക്കാൻ.

**20. ഓനീസാ ദ്കങ്കേയിൽ സഭ എന്താണ് അനുസ്മരിക്കുന്നത്?**

ഈശോമിശിഹായെ കുറിച്ചുള്ള മാർ യോഹന്നാൻ മാംദാനയുടെ സ്തുതിയും, നമ്മുടെ കർത്താവിന്റെ മാമ്മോദീസാ വേളയിലെ ത്രിത്വത്തിന്റെ വെളിപാടും.

## Week - 7 ( 29th January 2023)

1. പുരാതന പാരമ്പര്യമനുസരിച്ച് എപ്പോഴാണ് കാർമ്മികനും ശുശ്രൂഷികളും ഹൈക്കലയുടെ മധ്യത്തിൽ സ്ഥിതി ചെയ്യുന്ന ബേമ്മായിലേക്ക് മദ്ബഹയിൽ നിന്ന് വരുന്നത്?

ഒനീസ ദ്കങ്കേയുടെ സമയത്ത്.

2. സീറോ മലബാർ സഭയിൽ പരിശുദ്ധ റാസയിൽ എപ്പോഴാണ് സ്ലീവാ ചുംബനം നടത്തുന്നത്?

ഒനീസ ദ്കങ്കേയുടെ(മദ്ബഹാ ഗീതം)ആലാപന സമയത്ത്.

3. കൈ സ്ലീവാ  ചുംബനം എന്താണ് പ്രഘോഷിക്കുന്നത്?

കർത്താവേ ഞങ്ങൾ നിന്റെ അഭിഭാജ്യമായ ദൈവത്വത്തെയും മനുഷ്യത്വത്തെയും ആരാധിക്കുന്നു, നിന്നിലുള്ള

ഞങ്ങളുടെ വിശ്വാസവും സ്നേഹവും ഞങ്ങൾ പ്രഘോഷിക്കുന്നു.

4. മദ്ബഹ വിരി തുറക്കൽ എന്താണ് സൂചിപ്പിക്കുന്നത്?

കർത്താവിന്റെ മാമ്മോദീസാ വേളയിലെ സ്വർഗ്ഗം തുറക്കൽ.

5. ലാകു മാറയുടെ രചയിതാവ് ആര്?

മാർ ശിമയോൻ ബർ സാബാ (അഉ 323341).പേർഷ്യൻ ചക്രവർത്തിയായ ഷാപൂർ രണ്ടാമൻ ഒരു ദുഃഖ വെള്ളിയാഴ്ച സഹമെത്രാന്മാരൊടൊപ്പം വിശ്വാസ സംരക്ഷണത്തിന്റെ പേരിൽ കൊല്ലാൻ തീരുമാനിച്ച കിഴക്കൻ സുറിയാനി സഭയുടെ പാത്രിയാർക്കീസ് ആയിരുന്നു അദ്ദേഹം. സീറോ മലബാർ സഭയുടെ പല പുരാതന പള്ളികളിലും ഇദ്ദേഹത്തിന്റെ പ്രതിമകൾ **ഉണ്ട്**.

6. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് മാർ സൈമൺ ബർസാബയുടെ ഓർമ്മ ആഘോഷിക്കുന്നത് എന്നാണ്?

കൈത്താക്കാലത്തെ ആറാം വെള്ളിയാഴ്ച.

7. ലാകു മാറ പാടുമ്പോൾ എന്താണ് ഓർക്കുകയും ഏറ്റു പറയുകയും ചെയ്യുന്നത്?

നമ്മുടെ കർത്താവിലുള്ള വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ. ശിമയോൻ കേപ്പായിലുടെ ശിഷ്യന്മാർ നടത്തിയ വിശ്വാസ പ്രഖ്യാപനം ലാകു മാറ ആലാപനത്തിലൂടെ ആരാധനാ സമൂഹവും പ്രപഞ്ചത്തിന്റെ കർത്താവും സ്വർഗ്ഗത്തിന്റെ കർത്താവും മരിച്ചവരെ ജീവനിലേക്ക് നയിക്കുന്നവനും ആത്മാക്കളെ രക്ഷിക്കുന്നവനുമായ നമ്മുടെ കർത്താവിൽ ഉള്ള വിശ്വാസം പ്രഘോഷിക്കുന്നു. നമ്മുടെ കർത്താവ് പാതളത്തിൽ ഇറങ്ങിയ സമയത്ത് ആദം ഈ ഗീതം ആലപിച്ചു എന്ന് പറയപ്പെടുന്നു.

8. ത്രിസാഗിയോൻ എന്താണ് പ്രഘോഷിക്കുന്നത്?

സാരാംശത്തിൽ ഏകവും വ്യക്തികളിൽ ത്രിവിധവുമായ ദൈവീക സ്വഭാവം.

9. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ത്രിസാഗിയോൻ(ത്രൈശുദ്ധ കീർത്തനം)ഏത് സഭയിൽ നിന്നാണ് ഉത്ഭവിച്ചത്?

കോൺസ്റ്റാന്റിനോപ്പിളിലെ സഭ

10. കെറിയാനയുടെ വായന എന്താണ് സൂചിപ്പിക്കുന്നത്?

ഈശോമിശിഹായുടെ പ്രഘോഷണത്തിന്റെ സ്ഥിരീകരണം. മോശയ്ക്കും പ്രവാചകന്മാർക്കും രക്ഷാകര ചരിത്രത്തിലുള്ള പങ്കാളിത്തം.

11. കെറിയാന വായനയുടെ സമയത്ത് കാർമികൻ ബേമ്മായിൽ ഇരിക്കുന്നതിന്റെ അർത്ഥം എന്ത്?

‘ മനുഷ്യപുത്രൻ തന്റെ മഹത്വത്തിന്റെ സിംഹാസനത്തിൽ ഉപവിഷ്ടനാകുമ്പോൾ, എന്നെ അനുഗമിച്ച നിങ്ങൾ ഇസ്രായേലിന്റെ പന്ത്ര**ണ്ടു**ഗോത്രങ്ങളെ വിധിച്ചുകൊ**ണ്ട്** പന്ത്ര**ണ്ടു** സിംഹാസനങ്ങളിൽ ഇരിക്കും‘.(മത്തായി 19 : 28) എന്ന് നമ്മുടെ കർത്താവ് ശ്ലീഹന്മാരോട് സംസാരിച്ചതിന്റെ പ്രദർശനം.

12. 'ബാറെക്മാർ' എന്നതിന്റെ അർത്ഥമെന്താണ്?

കർത്താവേ ആശിർവദിക്കണമേ.

13. ശൂറായ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

ആരംഭിക്കൽ.

14. എന്തുകൊണ്ടാണ് ശൂറായ ആരംഭിക്കുമ്പോൾ ആളുകൾ എഴുന്നേൽക്കുന്നത്?

നമ്മുടെ കർത്താവിന്റെ വാക്കുകളിലൂടെ ശിഷ്യന്മാർക്ക് ലഭിച്ച ധൈര്യത്തെ സൂചിപ്പിക്കാൻ.

15. എന്തുകൊണ്ടാണ് ശൂറായയുടെ സമയത്ത് കാർമ്മികൻ ഇരിക്കുന്നത്?

കാർമികൻ കർത്താവിന്റെ സ്ഥാനത്താണ്.

16. തുർഗാമ എന്ന വാക്കിന്റെ അർത്ഥം എന്താണ്?

വിവർത്തനം, വ്യാഖ്യാനം, വിശദീകരണം.

17. എന്തിനാണ് തുർഗാമ ആലപിക്കുന്നത്?

അന്നത്തെ ലേഖനത്തിന്റെയും, സുവിശേഷത്തിന്റെയും വിശദീകരണവും. ലേഖനവും, സുവിശേഷവും ശ്രവിക്കുന്ന ഒരു വ്യക്തിയുടെ മനോഭാവത്തെ കുറിച്ചുള്ള ഉപദേശവും തുർഗാമയിൽ അടങ്ങിയിരിക്കുന്നു.

18. എന്താണ് വത്തിക്കാൻ കോഡെക്സ് 22 ?

ഇന്ത്യയിൽ നിന്നുള്ള ഏറ്റവും പുരാതനമായ സുറിയാനി കൈയ്യെഴുത്ത്പ്രതി, പൗലോസ് ശ്ലീഹായുടെ ലേഖനങ്ങളുടെ പ്ശീത്താ വേർഷൻ ഉൾക്കൊള്ളുന്നു. അഉ 1301 ൽ ദക്ഷിണേന്ത്യയിലെ ക്രോംഗനോറിൽ എസ്ട്രാഗെലോ ലിപിയിൽ മാർ കുര്യാക്കോസിന് സമർപ്പിച്ചിരിക്കുന്ന പള്ളിയിൽ യൗസേപ്പ് ബർ സ്കറിയ എന്ന മ്ശംശാന പകർത്തിയതാണ്.

19. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ വിശുദ്ധ കുർബാനയിൽ ആരാണ് ലേഖനം വായിക്കേണ്ടത്?

മ്ശംശാന.

20. ശ്ലീഹന്മാരുടെ ലേഖനങ്ങളിൽ നിന്നുള്ള വായന എന്തു സൂചിപ്പിക്കുന്നു?

നമ്മുടെ രക്ഷകനെ കുറിച്ച് ജനക്കൂട്ടത്തോട് സംസാരിച്ച യോഹന്നാൻ മാംദാനയുടെ വാക്കുകൾ: ' ഉന്നതത്തിൽ നിന്നുള്ളവൻ എല്ലാറ്റിനും ഉപരിയാണ്'. (യോഹ 3 :31).

‘ഞാൻ മിശിഹാ അല്ല അവന് മുമ്പ് അയക്കപ്പെട്ടവനാണ്‘ (യോഹ 3 :28).

## Week - 8 ( 5th February 2023)

1. ആഘോഷമായ സുവിശേഷപ്രദിക്ഷണത്തിന്റെ അർത്ഥം എന്ത്?

ഓശാന ഞായറാഴ്ച കഴുതപുറത്തേറി നമ്മുടെ കർത്താവിന്റെ ഓർശ്ലേംപ്രവേശനം.

2. സുമാറ എന്ന വാക്കിന്റെ അർത്ഥം എന്ത്?

ചാന്റ് (ഗീതം).

3. സുമാറ (ഹല്ലേലുയ ഗീതം) സൂചിപ്പിക്കുന്നത് എന്ത്?

ദാവീദിന്റെ പുത്രന് ഓശാന പാടി ശിഷ്യന്മാരും ശിശുക്കളും അർപ്പിക്കുന്ന സ്തുതി.

4. പഴയ നിയമവും സുമാറായും തമ്മിലുള്ള ബന്ധം എന്ത്?

പഴയ നിയമ ജനത കർത്താവിനെ സ്തുതിക്കാൻ ഉപയോഗിച്ചിരുന്ന ഗീതത്തിനു സമാനമാണിത്.

5. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ എന്തു തരത്തിലുള്ള സ്ലീവായാണ് സുവിശേഷ പ്രതിക്ഷണത്തിന് ഉപയോഗിച്ചിരുന്നത്?

പ്രദക്ഷിണ സ്ലീവാ .

6. പ്രദക്ഷിണ സ്ലീവാ എന്തിനാണ് സുവിശേഷപ്രദക്ഷിണത്തിന് ഉപയോഗിച്ചിരുന്നത്?

തന്റെ മരണം എപ്രകാരമായിരിക്കും എന്നതിനെക്കുറിച്ച് ഈശോമിശിഹായുടെ പ്രവചനങ്ങളെ സൂചിപ്പിക്കുവാൻ. ‘മൂശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയത് പോലെ മനുഷ്യപുത്രനും ഉയർത്തപ്പെടണം‘ (യോഹ 3 :14).

7. സുവിശേഷപ്രഘോഷണ സമയത്തെ തിരികൾ എന്താണ് സൂചിപ്പിക്കുന്നത്?

നിങ്ങൾ ലോകത്തിന്റെ പ്രകാശമാണ് എന്ന് ശ്ലീഹന്മാരോടുള്ള കർത്താവിന്റെ വാക്കുകളുടെ രഹസ്യത്തിന്റെ

വെളിച്ചം.

8. സുവിശേഷ പ്രദക്ഷിണത്തിനും വായനയ്ക്കും എന്തിനാണ് രണ്ട് തിരികൾ ഉപയോഗിക്കുന്നത്?

ഇസ്രയേൽ ജനത്തേയും വിജാതീയരിൽ നിന്ന് വിശ്വാസം സ്വീകരിച്ച ജനങ്ങളേയും

സൂചിപ്പിക്കുന്നു. (പഴയ നിയമവും പുതിയ നിയമവും)

9. സുവിശേഷപ്രദക്ഷിണത്തിലും വായനയിലും ധൂപം ഉപയോഗിക്കുന്നത് എന്തിന്റെ

പ്രതീകമാണ്?

നമ്മുടെ കർത്താവിന്റെ വാക്കുകളുടെ മാധുര്യത്തിന്റെ രഹസ്യം

10. ഗാഗുൽത്തായിൽ (വചന മേശ) സുവിശേഷം വയ്ക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?

നമ്മുടെ കർത്താവിന്റെ കുരിശുമരണം.

11. ഗാഗുൽത്തായിൽ (വചന മേശ) പൊതിഞ്ഞ സുവിശേഷം തുറന്നു വായിക്കുമ്പോൾ സൂചിപ്പിക്കുന്നത് എന്ത് ?

മിശിഹായിൽ പൂർത്തിയായ ദൈവീക വെളിപാട്.

12. ദേവാലയമധ്യത്തിലുള്ള ബേമ്മയിൽ ഏവൻഗേലിയോൺ വായിക്കുന്നതിന്റെ സൂചന എന്ത്?

നമ്മുടെ കർത്താവിന്റെ പഠിപ്പിക്കലുകളും അവന്റെ ദൈവിക വാക്കുകളും.

13. പൗരസ്ത്യ സുറിയാനി പാരമ്പര്യമനുസരിച്ച് ഏവൻഗേലിയോൺ ആരാണ് വായിക്കുന്നത്?

മെത്രാനോ പുരോഹിതനോ.

14. കാറോസൂസ എന്ന വാക്കിന്റെ അർത്ഥം എന്ത്?

പ്രഘോഷണം.

15. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കാറോസൂസാക്ക് എത്ര ഭാഗങ്ങളുണ്ട്?

3

16. രണ്ടാമത്തെയും മൂന്നാമത്തെയും കാറോസൂസ എന്ത് പേരിൽ അറിയപ്പെടുന്നു?

*ന്സല്ലെ ഉനെവ്* (ലോകം മുഴുവനും വേണ്ടി) *ബാവൂസ* (അനുനയ പ്രാർത്ഥന)

17. കാറോസൂസായും ബാവൂസായും എന്ത് ഓർമപ്പെടുത്തുന്നു?

ഗദ്സമേനിയിലെ മിശിഹായുടെ പീഡാസഹനം.

18. മാറൻ എസ്രാഹം അലൈൻ എന്നതിന്റെ അർത്ഥം എന്ത്?

കർത്താവേ ഞങ്ങളുടെ മേൽ കരുണ തോന്നണമേ.

19. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ രണ്ടാം കറോസൂസായിൽ ഓർമിക്കപ്പെടുന്ന ഗ്രീക്ക് സഭാ പിതാക്കന്മാർ

ആരൊക്കെ?

മാർ ഡിയഡോറസ്

മാർ തെയഡോറസ്

മാർ നെസ്തൊറിയസ്

20. പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ രണ്ടാം കറോസൂസായിൽ ഓർമിക്കപ്പെടുന്ന സുറിയാനി സഭാ പിതാക്കന്മാർ ആരൊക്കെ?

മാർ അപ്രേം

മാർ നർസായി

മാർ അബ്രഹാം

## Week - 9 ( 12th February 2023)

1) സ്യാമീദ പ്രാർത്ഥന എന്താണ് സൂചിപ്പിക്കുന്നത് ?

ശിഷ്യന്മാരുടെ ഐക്യത്തിനായുള്ള ഈശോമിശിയുടെ പ്രാർത്ഥനയാണ് സൂചിപ്പിക്കുന്നത്

'പരിശുദ്ധനായ പിതാവേ, നമ്മെപ്പോലെ അവരും ഒന്നായിരിക്കേണ്ടതിന് അവിടുന്ന് എനിക്കു നൽകിയ അവിടുത്തെനാമത്തിൽ അവരെ അങ്ങ് കാത്തുകൊള്ളണമേ!' (യോഹന്നാൻ 17:11)

2) ബേമയിൽ നിന്നുള്ള സുവിശേഷത്തിന്റെയും സ്ലീവായുടെയും അവരോഹണം എന്താണ് സൂചിപ്പിക്കുന്നത് ?

ഈശോ ബന്ധനസ്ഥനായതും ഈശോയുടെ പിഡാനുഭവയാത്രയും.

3) മദ്ബഹായുടെ കവാടത്തിൽ സ്ലീവാ ഉയർത്തുന്നതിന്റെ സൂചന എന്ത്?

ഈശോമിശിഹായുടെ കുരിശുമരണം.

4) സ്ലീവായും സുവിശേഷവും വേർതിരിക്കുന്നത്തിന്റെ സൂചന എന്ത്?

ഈശോയുടെ മരണസമയത്തെ ശരീരത്തിൽ നിന്നുള്ള ആത്മാവിന്റെ വേർപ്പെടുത്തൽ.

5) അയോഗ്യരെ പുറത്താക്കുമ്പോൾ നാം എന്താണ് ഓർക്കുന്നത് ?

പറുദീസയിൽ പ്രവേശിക്കുവാനുള്ള യോഗ്യതയുടെ ഓർമ്മപ്പെടുത്തൽ.

'ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കിൽ ഒരുവനും ദൈവരാജ്യത്തിൽ പ്രവേശിക്കുക സാധ്യമല്ല'. (യോഹന്നാൻ 3:5)

6) പാരമ്പര്യം അനുസരിച്ച് ആദ്യത്തെ ഓനീസാ ദ് റാസേ എവിടെയാണ് നടത്തപ്പെട്ടിരുന്നത്?

ഹൈക്കലയുടെ മധ്യത്തിൽ സ്ഥിതി ചെയ്തിരുന്ന ബേമ്മയിൽ

7) രണ്ടാമത്തെ ഓനീസാ ദ് റാസേയിൽ സ്ലീവായുടെ ആകൃതിയിൽ ദൈവിക രഹസ്യങ്ങൾ പിടിക്കുന്നതിന്റെ സൂചന?

ഈശോയുടെ കുരിശുമരണം

8) ശോശാപ്പ കൊണ്ട് ദൈവിക രഹസ്യങ്ങൾ മൂടുന്നതിന്റെ അർത്ഥം എന്ത്?

നമ്മുടെ കർത്താവിന്റെ സംസ്കാരം.

9) മൂന്നാമത്തെ ഓനീസാ ദ് റാസയിൽ നമ്മൾ എന്താണ് ആഘോഷിക്കുന്നത്?

മിശിഹായുടെ പെസഹാ രഹസ്യങ്ങളുമായി ചേർന്ന സ്വർഗ്ഗീയ ഗണത്തിന്റെ സ്തുതികളുടെ രഹസ്യം

10)മൂന്നാം ഓനീസാ ദ് റാസയിലെ മർത്ത് മറിയത്തിന്റെ പാരമ്പര്യ തലക്കെട്ട് എന്താണ്?

മിശിഹായുടെ അമ്മയായ കന്യാകാമറിയം

11) കാർമ്മികൻ കൈ കഴുകുന്നതിന്റെ അർത്ഥമെന്ത്?

ഹൃദയത്തിൽ നിന്നും നീരസവും വെറുപ്പും കഴുകി കളയുന്നു

പുരോഹിതൻ മദ്ബഹയിൽ പ്രവേശിച്ച് ഭയഭക്തിജനകമായരഹ്യങ്ങൾക്ക് ശുശ്രൂഷ ചെയ്യുന്നത് ശുദ്ധ ഹൃദയത്തോടെ ആയിരിക്കണം

12) പൗരസ്ത്യ സുറിയാനി സഭകളിലെ ആരാധനയിൽ ഏത് വിശ്വാസപ്രമാണമാണ് പ്രഘോഷിക്കുന്നത്?

നിഖ്യാ വിശ്വാസപ്രമാണം

13) കൂദാശയ്ക്ക് മുമ്പ് വിശ്വാസ പ്രമാണം ചൊല്ലുന്നത് എന്തുകൊണ്ട്?

മിശിഹായിലുള്ള രക്ഷയ്ക്ക് സത്യവിശ്വാസം ആവശ്യമാണ്

നമ്മുടെ പിതാക്കന്മാർ രൂപപ്പെടുത്തിയ വിശ്വാസപ്രമാണം സൂചിപ്പിക്കുന്നത് പരിശുദ്ധ ത്രിത്വത്തിലും മിശിഹാ പൂർത്തീകരിച്ച രക്ഷാചരിത്രത്തിലും ശരിയായി വിശ്വസിക്കാത്തവരും സത്യത്തിന് അപരിചിതരും നമ്മുടെ കർത്താവായ മിശിഹായിലുള്ള ആനന്ദം നഷ്ടപ്പെട്ടവരുമാണ്

14) റൂഹാദ്കുദ്ശായെ കുറിച്ചുള്ള വിശ്വാസ പ്രമാണത്തിന്റെ വിവരണം എന്താണ് ?

പിതാവിൽ നിന്നും പുറപ്പെടുന്ന സത്യാത്മാവും ജീവദാതാവുമായ ഏക റൂഹാദ്കുദ്ശ

15) വിശ്വാസപ്രമാണത്തിനു ശേഷമുള്ള മ്ശംശാന ചൊല്ലുന്ന പ്രഘോണത്തിന്റെ പേരെന്ത്?

മ്ശംശാനയുടെ കാറോസൂസ

16) മ്ശംശാനയുടെ കാറോസൂസയിൽ എന്താണ് പ്രഘോഷിക്കുന്നത്?.

മിശിഹായുടെ ശരീരത്തിലെ വിവിധ അവയവങ്ങൾ പോലെ സഭയിലെ വിവിധ അംഗങ്ങൾ തമ്മിലുള്ള

ആത്മീയസ്നേഹം.

17) എങ്ങനെയാണ് മ്ശംശാനയുടെ കാറോസൂസ മ്ശംശാന പ്രഘോഷിക്കുന്നത്?

വിശുദ്ധ സ്ഥലത്തിന്റെ കവാടത്തിങ്കൽ മദ്ബഹായിലേക്ക് (കിഴക്ക്) തിരിഞ്ഞ്

18) എപ്രകാരമാണ് പുരാതന ക്രമം അനുസരിച്ച് കാർമ്മികൻ മദ്ബഹായിലേക്ക് പ്രവേശിക്കുന്നത്?

മൂന്ന് തവണ നന്നായി കുമ്പിട്ട് ഓരോ തവണ കുമ്പിടുമ്പോഴും മദ്ബഹായിലേക്ക് അല്പാല്പം അടു

ക്കുന്നു.ഇത് മത്തോനിയാ പ്രണാമം എന്നറിയപ്പെടുന്നു.

19) മൂന്നുപ്രാവശ്യം നിലത്തു കുമ്പിടുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

യാക്കോബിനെ പോലെ മൂന്നുപ്രാവശ്യവും പരിശുദ്ധ ത്രിത്വത്തെ ആരാധിക്കുന്നു. എന്നിട്ട് കാർമ്മികൻ

നമ്മുടെ കർത്താവിന്റെ കബറിടം ചുംബിക്കുവാൻ അടുക്കുന്നു.

20) വിശുദ്ധ സ്ഥലത്ത് പ്രവേശിക്കുന്ന പുരോഹിതൻ എവിടെയാണ് ചുംബിക്കുന്നത്?

മദ്ബാഹ (അൾത്താര)യുടെ നടുക്കും വലത്തേയറ്റത്തും ഇടത്തെയറ്റത്തും

## Week – 10 ( **19** th February 2023)

1) ഏതു ഭാഷയിൽ നിന്നാണ് അനാഫൊറ എന്ന പദം വരുന്നത്?

ഗ്രീക്ക്.

2) അനാഫൊറാ എന്നതിന്റെ അർത്ഥം എന്താണ്?

ഉയർത്തൽ, സമർപ്പണം, ബലി.

3) ഗ്രീക്ക് പദമായ അനാഫൊറക്ക് തത്തുല്യമായ സുറിയാനി പദം ഏതാണ് ?

കൂദാശ.

4) കൂദാശ എന്ന വാക്കിന്റെ അർത്ഥം എന്താണ് ?

പ്രതിഷ്ഠിക്കൽ, വിശുദ്ധികരണം, പരിപാവനമാക്കൽ

5)പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വിശുദ്ധ കുർബാന കൂദാശ ആകുന്നതിന്റെ രണ്ടു മാനങ്ങ ൾ

എന്തൊക്കെയാണ്?

ദൈവ സ്തുതിയും മനുഷ്യവിശുദ്ധീകരണവും.

6) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ എത്ര അനാഫൊറകൾ ഉണ്ട്?

മൂന്ന്.

7)പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ അനാഫൊറകൾ എതൊക്കെ ?

ശ്ലീഹന്മാരുടെ കൂദാശ (മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശ) തെയദോറിന്റെ

കൂദാശ, നെസ്തോറിയസിന്റെ കൂദാശ

8) സ്ഥാപനവിവരണമില്ലാതെ ഇന്ന് തിരുസഭയിൽ ഉപയോഗത്തിലുള്ള അനാഫൊറ ഏതാണ് ?

ശ്ലീഹന്മാരുടെ കൂദാശ.

9) ശ്ലീഹന്മാരുടെ കൂദാശയിലെ സ്ഥാപനവിവരണമില്ലാത്തതിനെക്കുറിച്ച് പരിശുദ്ധ കത്തോലിക്ക

സഭ പഠിപ്പിക്കുന്നതെന്ത് ?

ശ്ലീഹന്മാരുടെ കൂദാശ സ്ഥാപനവിവരണം കുടാതെ സാധുവാണെന്ന് പരിശുദ്ധ കത്തോലിക്ക സഭ പഠിപ്പിച്ചു.

(മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറ ശ്രദ്ധേയമാണ്. ഇത് ഓർമ്മക്കപ്പു റത്ത് സ്ഥാപനവിവരണമില്ലാതെയാണ് ഉപയോഗിച്ചിരുന്നത്. കത്തോലിക്കാ സഭ സ്ഥാപന വിവര ണം ഒഴിച്ചുകൂടാത്ത ഘടകമായി കണക്കാക്കുന്നതിനാൽ മാർ അദ്ദായിയുടെയും മാർ മാറി യുടെയും അനാഫൊറയെക്കുറിച്ച് ചരിത്രപരവും ആരാധനക്രമപരവും ദൈവശാസ്ത്രപരവുമായ ദീർഘപഠനം നടത്തി അതിന്റെ അവസാനം 2001 ൽ വിശ്വാസ തിരുസംഘം ഈ അനാഫൊറയെ സാധുതയുള്ളതായി പ്രഖ്യാപിച്ചു. പരിശുദ്ധ ജോൺ പോൾ **രണ്ടാ**മൻ പാപ്പ ഈ തീരുമാനം അംഗീകരിച്ചു.)

10) തെയദോറിന്റെയും നെസ്തോറിയസിന്റെയും അനാഫൊറകളുടെ രചയിതാവായി കരുതുന്നത് ആരെയാണ്?

കിഴക്കിന്റെ വലിയ കത്തോലിക്കോസ് മാർ ആവാ ഒന്നാമൻ.

11) പൗരസ്ത്യ സുറിയാനി പാരമ്പര്യം അനുസരിച്ച് വിശുദ്ധ കുർബാനയുടെ ഏത് ഭാഗമാണ് യഥാർ ത്ഥ വിശുദ്ധീകരണ ഭാഗം?

അനാഫൊറ (കൂദാശ )മുഴുവൻ വിശുദ്ധീകരണമാണ്.

12) മാർ അദ്ദായിയുടെയും മാർ മാറിയുടെയും കൂദാശയുടെ തലക്കെട്ട് എന്താണ്?

കിഴക്കിന്റെ വിശുദ്ധ ശ്ലീഹന്മാരായ മാർ അദ്ദായിയുടെ മാർ മാറിയുടെയും കൂദാശ.

13) തെയദോറിന്റെ കൂദാശയുടെ തലക്കെട്ട് എന്താണ്?

മെസപ്പോട്ടോമിയയുടെ മെത്രാനും ദൈവവചനത്തിന്റെ വ്യാഖ്യാതാവുമായ തെയദോറിന്റെ കൂദാശ.

14) നെസ്തോറിയസിന്റെ കൂദാശയുടെ തലക്കെട്ട് എന്താണ്?

കോൺസ്റ്റാന്റിനോപ്പിളിലെ പട്ടണമായ ബൈസെന്റയ്ൻ പാത്രിയർക്കീസും രക്തരഹിത രക്ത സാക്ഷിയും. സത്യവിശ്വാസത്തിന് വേ**ണ്ടി** പീഡിപ്പിക്കപ്പെട്ടവനുമായ മാർ നെസ്തോറിയസിന്റെ കൂദാശ.

15) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ശ്ലീഹന്മാരുടെ കൂദാശ ചൊല്ലിയിരുന്നത് ആരാധനാവത്സരത്തിലെ ഏത് സമയത്താണ്?

ഓശാന ഞായറാഴ്ച മുതൽ ആരാധന വത്സരത്തിലെ അവസാനകാലമായ പള്ളിക്കുദാശക്കാലത്തെ അവസാന ഞായ റാഴ്ച വരെ.

16) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ തെയദോറിന്റെ കൂദാശ ചൊല്ലിയിരുന്നത് ആരാധനാവത്സരത്തിലെ ഏത്

സമയത്താണ്?

മംഗളവാർത്തയുടെ ആദ്യത്തെ ഞായറാഴ്ച മുതൽ ഓശാന ഞായർ വരെ.

17) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ നെസ്തോറിയസിന്റെ കൂദാശ ചൊല്ലിയിരുന്നത് ആരാധനാവത്സരത്തിലെ

ഏത് ദിവസങ്ങളിലാണ്?

ദനഹാ, യോഹന്നാൻ മാംദാനയുടെ ഓർമ്മ, ഗ്രീക്ക് പിതാക്കന്മാരുടെ ഓർമ്മ, മൂന്നു നോമ്പിലെ ബുധനാഴ്ച, പെസഹാ വ്യാഴാഴ്ച്ച.

18) ശ്ലീഹന്മാരുടെ കൂദാശയിൽ നാല് ഗ്ഹാന്ത വൃത്തങ്ങൾ ഉള്ളതിന്റെ പ്രാധാന്യമെന്ത് ?

ശ്ലീഹന്മാരുടെ കൂദാശ ഉത്ഭവിച്ചത് യഹൂദ പാരമ്പര്യത്തിൽ നിന്നാണ്. യഹൂദ പാരമ്പര്യത്തിൽ വീഞ്ഞ് നാല് തവണ വാഴ്ത്താറുണ്ട്. അതുകൊ**ണ്ട**ാണ് ശ്ലീഹന്മാരുടെ കൂദാശയിൽ നാലു ഗ്ഹാന്ത വൃത്തങ്ങൾ ഉള്ളത്.

19) അനാഫൊറയിലെ പ്രാർത്ഥനാ വൃത്തങ്ങളുടെ ഘടകങ്ങൾ എന്തൊക്കെയാണ്?

കാർമ്മികന്റെ പ്രാർത്ഥന അഭ്യർത്ഥനാ, കൂശാപ്പ, ഗ്ഹാന്ത, കാനോനാ.

20) പൗരസ്ത്യ സഭാപിതാക്കന്മാർ വിവരിച്ചിട്ടുള്ള കൂദാശയുടെ തത്തുല്യ പദങ്ങൾ ഏതൊക്കെയാണ്?

മാർ നർസായി സഭയുടെ രഹസ്യങ്ങൾ

മാർ ഗബ്രിയേൽ കത്രായ, മാർ ഗീവർഗീസ് അർബേല റാസ

അബ്രഹാം ബർ ലീഫ തെഷ്മെസ്താ (അനുഷ്ഠാനം)

തിമോത്തി ര**ണ്ട**ാമൻ ക്നുഷ്യ ( കൂട്ടായ്മ)

ഷൗത്താപൂസ (പങ്കാളിത്തം)

കൂദാശ (വിശുദ്ധികരണം), കുർബാന (ബലി), റാസ (രഹസ്യം)

## Week - 11 ( 26th February-2023)

1) മാർ ഗീവർഗീസ് അർബേലയുടെ അഭിപ്രായത്തിൽ കൂദാശ കിഴക്കിന് അഭിമുഖമായി

അനുഷ്ഠിക്കുന്നതിന്റെ കാരണങ്ങൾ എന്തൊക്കെയാണ്?

ക്രിസ്തുവിജ്ഞാനീപരമായ മാനം - കിഴക്കുനിന്നു വരുന്ന മിശിഹായ്ക്ക് അഭിമുഖമായി പ്രാർ

ത്ഥിക്കുന്നു.

പ്രാപഞ്ചികമായ മാനം - സൂര്യനും നക്ഷത്രങ്ങളും കിഴക്ക് നിന്നാണ് യാത്ര തുടങ്ങുന്നത്.

യുഗാന്തപരമായ മാനം - തീർത്ഥാടകയായ സഭയും കിഴക്കുള്ള പറുദീസയെ - ലക്ഷ്യമാക്കി യാത്ര ചെയ്യുന്നു.

രക്ഷാകേന്ദ്രീകൃതമായ മാനം - രക്ഷ, അനുരഞ്ജനത്തിനായി കിഴക്കിലെ പറുദീസായിലേക്കുള്ള തിരിച്ചുപോക്ക് (ഉൽപത്തി : 28)

2) കൂശാപ്പ എന്ന പദത്തിന്റെ അർത്ഥം?

താഴ്ന്ന സ്വരത്തിൽ ചൊല്ലുന്ന പ്രാർത്ഥന.

3) ഓരോ ഗ്ഹാന്ത പ്രാർത്ഥനക്കും മുൻപ് കൂശാപ്പ ചൊല്ലുന്നതിന്റെ പ്രാധാന്യം എന്ത്?

ഇത് കാർമ്മികൻ ദൈവത്തോട് നടത്തുന്ന ഹൃദയപൂർവ്വമായ സ്വകാര്യ പ്രാർത്ഥനയാണ്. ഗ്ഹാന്തയിൽ സൂചിപ്പിച്ചിരിക്കുന്നവ പിന്തുടരാനുള്ള അനുഗ്രഹം പിതാവായ ദൈവത്തോട് അപേക്ഷിക്കുന്നു.

4) കൂശാപ്പ പ്രാർത്ഥന ചൊല്ലേ**ണ്ട-**ത് എങ്ങനെയാണ്?

പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ നിലത്ത് കമിഴ്ന്ന് കിടന്നാണ് ചൊല്ലേ**ണ്ട-**ത്.

5) ഗ്ഹാന്ത പ്രാർത്ഥനയ്ക്ക് മുൻപ് കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനാഭ്യർത്ഥനയുടെ പൊരുൾ എന്താണ്?

ഇത് കാർമ്മികന്റെ കുറവുകൾ പരിഗണിക്കാതെ ബലി അർപ്പിക്കാൻ വേ**ണ്ട** വിശ്വാസികളോടുള്ള പ്രാർത്ഥനാഭ്യർത്ഥന. ഗ്ഹാന്ത പ്രാർത്ഥനകളിൽ പറയുന്ന കാര്യങ്ങൾ പൂർത്തീകരിക്കാനുള്ള കൃപ കാർമ്മികന് ലഭിക്കുന്നതിനായി ജനത്തിന്റെ പ്രാർത്ഥന ആവശ്യമാണ്, അത് എളിമയോടെ കാർമ്മികൻ യാചിക്കുന്നതാണ്. എളിമയും അയോഗ്യതയും ഏറ്റുപറച്ചിലും ഇവിടെയു**ണ്ട-്**.

6) ഗ്ഹാന്തയുടെ അർത്ഥം എന്ത്?

കുനിയുക, പ്രണമിക്കുക.

7) ഉച്ചസ്വരത്തിൽ ചൊല്ലുകയോ പാടുകയോ ചെയ്യുന്ന കൂദാശയുടെ ഒരേയൊരു ഭാഗം ഏതാണ്?

കാനോനകൾ.

8) ആദ്യ ഗ്ഹാന്ത പ്രാർത്ഥന എങ്ങനെ ചൊല്ലണം?

കുനിഞ്ഞ് കൈകൂപ്പി.

9) എന്തുകൊ**ണ്ട**ാണ് ഒന്നാമത്തെ പ്രാർത്ഥന മാത്രം കൈ കുപ്പി കൊ**ണ്ട്** ചൊല്ലുന്നത്?

ഒന്നാമത്തെ ഗ്ഹാന്ത പ്രാർത്ഥനയിൽ കാർമ്മികൻ ദൈവസിംഹാസനത്തിന് മുമ്പാകെ ദിവ്യരഹസ്യം അനുഷ്ഠിക്കുവാനുള്ള തന്റെ അയോഗ്യതയും, വിനയഭാവവും പ്രകടമാക്കുകയാണ്.ദിവ്യരഹസ്യങ്ങളെ ധ്യാനിക്കുവാനുള്ള ധൈര്യം ഇനിയും ലഭിച്ചിട്ടില്ലാത്ത അവൻ ഭയത്തോടും വിറലോടുകൂടിയാണ് അവിടെ നിൽക്കുന്നത്.

10) ഒന്നാമത്തെ ഗ്ഹാന്ത ഒഴികെ മറ്റ് ഗ്ഹാന്തകൾ എങ്ങനെ ചൊല്ലണം?

കുനിഞ്ഞ് കൈകൾ തുറന്നു പിടിച്ച്.

11) ശ്ലീഹന്മാരുടെ കൂദാശയിൽ  ഒന്നാം ഗ്ഹാന്തയിൽ കാർമ്മികൻ എന്താണ് പ്രാർത്ഥിക്കുന്നത്?

ദൈവത്തിന്റെ മുമ്പിൽ നിൽക്കുവാനുള്ള ആത്മവിശ്വാസത്തിനായി പ്രാർത്ഥിക്കുന്നു.മനുഷ്യവംശത്തിന് നൽകിയ അനുഗ്രഹങ്ങളെ പ്രതി നന്ദി പറയുന്നു.ദിവ്യരഹസ്യം പരികർമ്മം ചെയ്യാൻ യോഗ്യനാക്കണമെന്നു പ്രാർത്ഥിക്കുന്നു.പിതാവായ ദൈവത്തിന്റെ അനുഗ്രഹം യാചിക്കുന്നു.

12) സമാധാനാശംസ എന്തു സൂചിപ്പിക്കുന്നു?

അപരനുമായി സമാധാനത്തിൽ ആയിരിക്കുന്നു എന്ന് നമ്മുടെ പ്രവർത്തിയിലൂടെ പ്രകടമാക്കുന്നു.

നമ്മുടെ ഹൃദയത്തിൽ നിന്നും  ശത്രുതയും വൈരാഗ്യവും തുടച്ചുമാറ്റട്ടെ അപ്രകാരം ജീവൻ നൽകുന്ന ദൈവീക രഹസ്യങ്ങൾ സ്വീകരിക്കുവാനുള്ള യോഗ്യതയും പാപമോചനവും ഉ **ണ്ട**-ാകട്ടെ.

13) ജീവിക്കുന്നവരെയും മരിച്ചവരെയും ഓർക്കുന്ന പുസ്തക വായന എന്തു സൂചിപ്പിക്കുന്നു?

ദൈവിക രഹസ്യങ്ങളുടെ ആഘോഷം ജീവിക്കുന്നവരെയും മരിച്ചവരെയും ഉൾക്കൊള്ളുന്നു. ജീവിക്കുന്നവർക്കും മരിച്ചവർക്കും  ഇത്  ഒരുപോലെ ആവശ്യമാണ്.

14) ജീവിക്കുന്നവരെയും മരിച്ചവരെയും ഓർക്കുന്ന പുസ്തകത്തിനുള്ള  മറ്റു പേരുകൾ?

ഡിപ്പ്റ്റിക്സ്, ദ്‌യാപത്ക്കീൻ.

15)   എന്താണ് ഡിപ്പ്റ്റിക്സ്?

കുർബാനയിൽ ഓർക്കേ**ണ്ട** ജീവിക്കുന്നവരുടെയും മരിച്ചവരുടേയും പേരുകൾ എഴുതിയ തടിയുടെയോ ലോഹത്തിന്റെയോ ഇരുമടക്കുകൾ. മ്ശംശാന ഈ പേരുകൾ ഉറക്കെ വായിക്കുന്നു.

16) ഡിപ്പ്റ്റിക്സ് വായിക്കുന്ന മ്ശംശാനയുടെ സ്ഥാനം എവിടെയാണ്?

മദ്ബഹായുടെ  പ്രവേശന കവാടത്തിന്റെ വലതുവശത്ത്.

17) ദൈവീക രഹസ്യങ്ങളെ മൂടിയിരുന്ന ശോശപ്പ (കാപ്പയുടെ അതേ തുണി കൊണ്ട് ചതുരത്തിലുള്ള തിരുവസ്ത്രം) മാറ്റി ദിവ്യരഹസ്യങ്ങളുടെ ചുറ്റിലും വയ്ക്കുന്നത് എന്തിനെ സൂചിപ്പിക്കുന്നു?

നമ്മുടെ കർത്താവിന്റെ ഉത്ഥാനത്തിന്റെ പ്രതീകം

18) ദൈവീക രഹസ്യങ്ങൾ ഇവിടെ  ധൂപിക്കുന്നത്  എന്തിനെ സൂചിപ്പിക്കുന്നു?

സുഗന്ധദ്രവ്യങ്ങൾ കൊ **ണ്ട്** നമ്മുടെ കർത്താവിന്റെ ശരീരം  പൂശിയതിനെ സൂചിപ്പിക്കുന്നു.

19) എന്തുകൊ**ണ്ട**ാണ് മ്ശംശാന നിശബ്ദമായി പ്രാർത്ഥിക്കാൻ ആഹ്വാനം ചെയ്യുന്നത്?

എന്തുകൊ**ണ്ടെ**ന്നാൽ നാം മാലാഖമാരെ പോലെ ആയിരിക്കുകയും, കൂദാശയുടെ സമയം മുഴുവൻ നിരന്തരം പ്രാർത്ഥിക്കുകയും ചെയ്യണം.

20) പ്രെഡേറ്ററി ഡയലോഗിന്റെ  ഉത്ഭവം എവിടെയാണ്?

യഹൂദ പാരമ്പര്യത്തിൽ ഭക്ഷണത്തിനുശേഷം ഉരുവിട്ടിരുന്ന പ്രാർത്ഥനയായിരുന്നു ബ്രികത്ത് ഹാമാസോൺ .

## Week - 12 ( 5th March 2023)

1) ‘നിങ്ങളുടെ വിചാരങ്ങൾ ഉന്നതിലേക്ക് ഉയരട്ടെ‘ .. ഈ പ്രാർത്ഥന എന്താണ് പഠിപ്പിക്കുന്നത്?

ഭൂമിയിലാണ് ആഘോഷം നടക്കുന്നത് എങ്കിലും നാം സ്വർഗ്ഗത്തിലേക്ക് നോക്കണം.

നമ്മുടെ മനസ്സ് ദൈവത്തിലേക്ക് അടുപ്പിക്കാനുള്ള ആഹ്വാനമാണിത്.

2) ‘അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവമേ, ആരാധ്യനായ രാജാവേ,

അങ്ങയുടെ സന്നിധിയിലേക്ക്‘ .. ഈ പ്രാർത്ഥന വഴി മനസ്സിലാക്കുന്നതും ഏറ്റു പറയുന്നതും എന്താണ്?

ദൈവം മരിച്ചവരുടെ അല്ല ജീവിക്കുന്നവരുടെതാണ് എന്ന് നാം ഏറ്റു പറയുന്നു. പഴയ നിയമത്തിലെയും പുതിയനിയമത്തിലെയും ദൈവം ഒന്നാണ്.

3) ‘സകലത്തിന്റെയും നാഥനായ ദൈവത്തിന് കുർബാന അർപ്പിക്കപ്പെടുന്നു‘.. ഈ പ്രാർത്ഥന സൂചിപ്പിക്കുന്നത് എന്താണ്?

വിശുദ്ധ കുർബാനയുടെ ബലിദായക മാനം.

4) ‘അത് ന്യായവും യുക്തവുമാകുന്നു‘.. എന്താണ് ഈ പ്രാർത്ഥന സൂചിപ്പിക്കുന്നത്?

ജനത്തിന്റെ നന്ദി പ്രകാശനമാണിത്.

5) ശ്ലീഹന്മാരുടെ കൂദാശയിൽ **രണ്ട**ാം കൂശാപ്പയിൽ കാർമ്മികൻ പ്രാർത്ഥിക്കുന്നതെന്ത്?

മനസ്സിനെ എല്ലാ അശുദ്ധിയിൽ നിന്നും സ്വതന്ത്രമാക്കുക.

വിശുദ്ധ കുർബാന അർപ്പിക്കുവാനുള്ള ആത്മവിശ്വാസം.

സഹോദര സ്നേഹത്തിനുള്ള കൃപ.

6) ശ്ലീഹന്മാരുടെ കൂദാശായിലെ **രണ്ട**ാം ഗ്ഹാന്തയിൽ കാർമ്മികൻ പ്രാർത്ഥിക്കുന്നത് എന്ത്?

ലോകസൃഷ്ടാവായ ത്രിത്വത്തെയാണ് ഇത് അഭിസംബോധന ചെയ്തിരിക്കുന്നത്. സൃഷ്ടിക്കും പഴയനിയമ പ്രതിരൂപങ്ങൾക്കുമുള്ള നന്ദി പ്രകാശനവുമാണിത്. സൃഷ്ടികൾ ദൈവത്തെ സ്തുതിക്കാൻ ഇതിന്റെ ആദ്യഭാഗം ആഹ്വാനം ചെയ്യുന്നു. **രണ്ട**ാം ഭാഗത്ത് ദൈവത്തിന്റെ നാമം സ്തുതിക്കപ്പെടുന്നു.

7) എവിടുന്നാണ് ‘പരിശുദ്ധൻ’ രൂപപ്പെട്ടത് ?

യഹൂദ പ്രഭാതപ്രാർത്ഥനയായ ക്വിദുഷിൽ നിന്ന് (ഏശ. 6:3, വെളിപാട് 4:8)

8) ‘പരിശുദ്ധന്റെ’ വിവിധ ഭാഗങ്ങൾ ഏതെല്ലാം?

യഹൂദ പ്രഭാത പ്രാർത്ഥന ആയ ക്വിദുഷ്, ഓശാനാ, ബനഡിക്തൂസ്

9) ശ്ലീഹന്മാരുടെ കൂദാശയിൽ മൂന്നാം കൂശാപ്പയിൽ കാർമ്മികൻ എന്താണ് പ്രാർത്ഥിക്കുന്നത്?

സ്വർഗീയ ദർശന ഫലമായി പാപത്തിന്റെ പരിണിതഫലങ്ങളെക്കുറിച്ചുള്ള ഏശയ്യാ പ്രാവചകന്റെ അവബോധത്തിലേക്ക് ഈ പ്രാർത്ഥന നയിക്കുന്നു.

10) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിലെ ശ്ലീഹന്മാരുടെ കൂദാശയിൽ നാലാം കൂശാപ്പയിൽ കാർമ്മികൻ

പ്രാർത്ഥിക്കുന്നത് എന്ത്?

കാർമ്മികൻ സഭയുടെയും രാജ്യത്തിന്റെയും അധികാരികൾക്കും കാർമ്മികനും എല്ലാ ജീവിക്കുന്നവർക്കും മരിച്ചവർക്കും വേണ്ടി പ്രാർത്ഥിക്കുന്നു.

11) നാലാം ഗ്ഹാന്തയിൽ കാർമ്മികൻ എങ്ങനെയാണ് റൂശ്മ ചെയ്യുന്നത്

താഴെ നിന്ന് മുകളിലേക്കും, വലത്തുനിന്നും ഇടത്തേക്കും കുരിശടയാളം വരയ്ക്കുന്നത് വഴി.

12) നാലാം ഗ്ഹാന്തയിൽ മദ്ബഹായിലെ റൂശ്മ എന്ത് അർത്ഥമാക്കുന്നു?

മാമ്മോദിസായിലെ റൂശ്മയാൽ പരിപൂർണ്ണരായ എല്ലാ മാമ്മോദിസാ സ്വീകരിച്ചവരുടെയും ഓർമ്മ.

13) മാർ അദ്ദായിയുടെയും മാർ മാറിയുടെയും അനാഫൊറായിലെ നാലാമത്തെ ഗ്ഹാന്തയിലെ താഴെ നിന്ന് മുകളിലേക്കുള്ള റൂശ്മ എന്തർത്ഥമാക്കുന്നു?

നമ്മുടെ ഭൗമിക ജീവിതലക്ഷ്യം സ്വർഗ്ഗമാണെന്ന് അർത്ഥമാക്കുന്നു.

14) നാലാം ഗ്ഹാന്ത മാറ്റിനിർത്തിയാൽ നമ്മുടെ ആരാധനാക്രമത്തിൽ മറ്റെവിടെയാണ് ഈ രീതിയിൽ റൂശ്മ കാണുന്നത്?

മാമോദിസയിലെ ഒന്നും മൂന്നും റൂശ്മ.

15) ശ്ലീഹന്മാരുടെ കൂദാശയിലെ എപ്പിക്ലേസ്സിസ് എവിടുന്ന് രൂപപ്പെടുന്നു?

1 കോറിന്തോസ് 16 :22 'ഞങ്ങളുടെ കർത്താവേ, വന്നാലും !' എന്നതിൽനിന്ന്.

ദൈവകൃപയോട് വരണമെയെന്ന് ഡിഡാക്കേ 10 ഉം അഭ്യർത്ഥിക്കുന്നു.

16) എപ്പിക്ലേസ്സിസിൽ കാർമ്മികൻ എന്താണ് പ്രാർത്ഥിക്കുന്നത് ?

അപ്പത്തിന്റെയും വീഞ്ഞിന്റെയും വിശുദ്ധികരണം.

സമുഹത്തിന്റെ പാപമോചനം.

ഉത്ഥാനത്തിലും നിത്യജീവനിലുമുള്ള പ്രത്യാശക്കുവേണ്ടി.

17) എപ്പിക്ലേസ്സിസ് സമയത്ത് ഉൾവിരി അടയ്ക്കുന്നത് എന്തിന്?

ഈശോയുടെ രൂപാന്തരീകരണ(ഗെൽയാന)സമയത്തെ

മേഘാവരണത്തെ അത് സൂചിപ്പിക്കുന്നു

മേഘാവരണം മറ്റുള്ളവരുടെ കാഴ്ചയിൽ നിന്ന് ഈശോയെ മറച്ചു.

18) ഏത് ആരാധനക്രമ പണ്ഡിതനാണ് എപ്പിക്ലേസ്സിസ് സമയത്ത് ഉൾവിരി അടയ്ക്കുന്നതിനെപ്പറ്റി സംസാരിക്കുന്നത്?

ഗബ്രിയേൽ ഖത്രായ.

19) അനുരഞ്ജന കർമ്മത്തിന്റെ ഘടകങ്ങൾ ഏതെല്ലാം?

മിശിഹായോടുള്ള പ്രാർത്ഥന.

മസ്മോറയുടെ (സങ്കീർത്തനങ്ങളുടെ) കൂട്ടം.

ധൂപാർപ്പണാശുശ്രൂഷ.

20) 'സ്വർഗ്ഗവാസികളുടെ സമാധാനവും ഭൂവാസികളുടെ പ്രത്യാശയുമായ മിശിഹായെ'.. എന്ന പ്രാർത്ഥനയുടെ കർത്താവ് ആരാണ്?

മാർ അപ്രേം മല്പാൻ.

## Week - 13 ( 12th March 2023)

1) ധൂപാർപ്പണ ശുശ്രൂഷയിലെ പ്രാർത്ഥനയുടെ പ്രധാന ആശയം എന്താണ്?

ദൈവത്തിനു സ്തുതിയും മഹത്വവും നമ്മുടെ പാപങ്ങളുടെ മോചനവും അനുരഞ്ജനവും.

2)അനുരഞ്ജന ശുശ്രൂഷയിൽ യഥാർത്ഥത്തിൽ എപ്രകാരമാണ് ധൂപാർപ്പണം നടത്തേ**ണ്ട**ത്? ഈ സമയം സമൂഹം
എന്തു ചെയ്യുന്നു?

മ്ശംശാന ഓരോരുത്തരുടെയും അടുത്ത് ധൂപം കൊ**ണ്ടു**വരും ഓരോരുത്തരും തങ്ങളിലേക്ക് കൈവീശി ധൂപം
സ്വീകരിക്കും

3) ബാറക് മാർ എന്നതിന്റെ അർത്ഥം എന്താണ്?

കർത്താവേ ആശീർവദിക്കണമേ.

4) എപ്രകാരമാണ് കാർമ്മികൻ പരിശുദ്ധ ബുക്റ ചുംബിക്കുന്നത്?

കാർമ്മികൻ ചു**ണ്ടു**കൊ**ണ്ട്** സ്പർശിക്കാതെ മുകളിലും താഴെയും വലുത്തും ഇടത്തും സ്ലീവാ ആകൃതിയിൽ പരിശുദ്ധ ശരീരം ചുംബിക്കുന്നു.

5) എന്തുകൊ**ണ്ട**ാണ് കാർമ്മികൻ പരിശുദ്ധ ബുക്റ ചുംബിക്കുന്നത്?

കർത്താവിനോടുള്ള അഗാധമായ സ്നേഹത്തിന്റെയും നന്ദിയുടെയും അടയാളമായി.

6) പരിശുദ്ധ ബുക്റ (നമ്മുടെ കർത്താവിന്റെ തിരുശരീരം) മുറിക്കുന്നത് എന്ത് സൂചിപ്പിക്കുന്നു?

നമ്മുടെ കർത്താവിന്റെ മരണം

7) തിരുരക്തത്തിൽ മുക്കിയശേഷം പരിശുദ്ധ ബുക്റയുടെ യോജിപ്പിക്കൽ എന്ത് സൂചിപ്പിക്കുന്നു?

നമ്മുടെ കർത്താവീശോമിശിഹായുടെ ഉത്ഥാനം.

8) പരിശുദ്ധ കുർബാനയുടെ സ്വീകരണത്തിനു മുൻപുള്ള മ്ശംശാനയുടെ പ്രഘോഷണം എന്തു പഠിപ്പിക്കുന്നു?

വിശുദ്ധ കുർബാനയാകുന്ന രഹസ്യം ഈശോമിശിഹായുടെ മുഴുവൻ രക്ഷാകര രഹസ്യത്തിന്റെ

രഹസ്യം

ഉൾക്കൊള്ളുന്നു. അതുകൊ**ണ്ട്** വിശുദ്ധ കുർബാനയിലെ ഉചിതമായ പങ്കാളിത്തം മിശിഹായുടെ മുഴുവൻ രക്ഷാകര

ചരിത്രത്തിലെ  പങ്കാളിത്തമാണ്. രഹസ്യങ്ങളുടെ മഹത്വവും ഭക്തിയോടും ബഹുമാനത്തോടും അതിനെ സമീപിക്കാനും  നാം വിശ്വാസ സമൂഹത്തെ പഠിപ്പിക്കുന്നു.

9) പരിശുദ്ധ കുർബാന സ്വീകരണത്തിനു   മുൻമ്പുള്ള   മ്ശംശാനയുടെ കാറോസൂസായിലെ ജനത്തിന്റെ പ്രതികരണം എന്തു സുചിപ്പിക്കുന്നു?

മനുഷ്യവംശത്തിന്റെ ലോല സ്വഭാവവും പാപങ്ങളുടെയും തെറ്റുകളുടെയും മോചനത്തിന്റെ ആവശ്യകതയും.

10) പരിശുദ്ധ കുർബാന സ്വീകരണത്തിനു മുൻപുള്ള  'സ്വർഗ്ഗസ്ഥനായ പിതാവേ'എന്ന പ്രാർത്ഥന പഠിപ്പിക്കുന്നത് എന്താണ്?

ദൈവിക രഹസ്യങ്ങളെ പങ്കാളിത്തം വഴി നാം ദൈവമക്കളായി തീർന്നിരിക്കുന്നു. ഇത് നമ്മെ ദൈവത്തേ പിതാവേ എന്ന് വിളിക്കാൻ യോഗ്യരാക്കി.

11) എന്തുകൊ**ണ്ട**ാണ് വിശുദ്ധ കുർബാന സ്വീകരണത്തിനു മുൻപുള്ള 'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന കൈകൾ വിരിച്ചു ചെല്ലാത്തത്?

കൈകൾ വിരിച്ചു പിടിക്കുന്നത് അപേക്ഷയുടെ അടയാളമാണ്. ഇവിടെ  'സ്വർഗ്ഗസ്ഥനായ പിതാവേ' എന്ന പ്രാർത്ഥന ചൊല്ലുന്നത് പിതാവേ എന്ന് വിളിക്കാനുള്ള അവകാശത്തോടെയാണ്, പിതാവിന്റെ മക്കളെന്ന  അവകാശത്തോടെ ചൊല്ലുന്നതിനാൽ ഇവിടെ കൈവിരിക്കേ**ണ്ട-**  ആവശ്യമില്ല.

12) വിശുദ്ധ കുർബാന സ്വീകരണത്തിനു മുൻപുള്ള കാർമ്മികന്റെ ശ്ലാമാ (സമാധാനം) ആശംസ

എന്താണ് സൂചിപ്പിക്കുന്നത്?

ഉത്ഥാന ശേഷം ഈശോ സ്ത്രീകൾക്കും തന്റെ ശിഷ്യന്മാർക്കും  കൊടുത്ത സമാധാന ആശംസകൾ.

13) വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാകുന്നു ഈ പ്രാർത്ഥന എന്താണ് സൂചിപ്പിക്കുന്നത്?

ദൈവം മാത്രമാണ് പരിശുദ്ധൻ എന്ന് സഭ പഠിപ്പിക്കുന്നു. നാം പരിശുദ്ധരാകുന്നത് മാമോദീസയിലൂടെ ദൈവത്തിന്റെ പരിശുദ്ധിയിൽ പങ്കാളികളാകുമ്പോഴാണ്. ഈ പങ്കാളിത്തം നമ്മെ വിശുദ്ധ കുർബാന സ്വീകരണത്തിന് യോഗ്യരാക്കുന്നു. വിശുദ്ധ കുർബാന സ്വീകരണത്തിന് നാം പരിശുദ്ധ അവസ്ഥയിൽ ആയിരിക്കണമെന്നും ഇത് ഓർമിപ്പിക്കുന്നു

14)  ''ഏക പിതാവ് പരിശുദ്ധനാകുന്നു

ഏക പുത്രൻ പരിശുദ്ധനാകുന്നു

ഏക  റൂഹാ പരിശുദ്ധനാകുന്നു.''

ഈ പ്രാർത്ഥന എന്താണ്  പ്രഘോഷിക്കുന്നത്?

പരിശുദ്ധി ഏക സ്വഭാവം ആണെന്നും അതാണ് പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും ഉള്ളതെന്നും അത് അനന്തവും മാറ്റമില്ലാത്തതും ആർക്കും പ്രദാനം ചെയ്യാൻ സാധിക്കാത്തതാണെന്നും ഈ പ്രാർത്ഥന പ്രഘോഷിക്കുന്നു.

15) ദ് ഹീലത്ത് എന്ന വാക്കിന്റെ  അർത്ഥം എന്താണ്?

ഓ കർത്താവേ നീ ഭയാനകനാകുന്നു.

16) ദ് ഹീലത്ത് വിശുദ്ധ കുർബാനയിൽ നാം എവിടെയാണ് പാടുന്നത്?

കർത്താവിന്റെ തിരുനാളുകളിൽ ഏക പിതാവ് പരിശുദ്ധനാകുന്നു എന്ന പ്രാർത്ഥനയ്ക്ക് ശേഷം.

17) എപ്രകാരമാണ് നാം ദ് ഹീലത്ത് ചൊല്ലുന്നത്?

ര**ണ്ട്** സംഘങ്ങളായാണ് ഇത് ചൊല്ലുന്നത്. (മദ്ബഹായിൽ ഉള്ളവരും ഹൈക്കലയിലുള്ളവരും) ഉൾവിരി ഈ സമയം അടച്ചിടുന്നു.

18) ദ് ഹീലത്ത് പാടുന്നതിന്റെ പ്രാധാന്യം എന്താണ്?

ദ് ഹീലത്തിന്റെ അർത്ഥം കർത്താവേ നീ ഭയാനകം എന്നാണല്ലോ. വിശുദ്ധ കുർബാന സ്വീകരിക്കുന്ന ആളുടെ വീക്ഷണത്തിലാണ് ഇത് ഭയാനകമാകുന്നത് സ്വീകരിക്കാനുള്ള അയോഗ്യത ഇത് ഭയാനകമാക്കുന്നു. വിശുദ്ധ കുർബാനയുടെ രഹസ്യ സ്വഭാവം സ്വീകർത്താവിന്റെ വിശുദ്ധി ആവശ്യപ്പെടുന്നു. ഉത്ഥാനവും മറ്റു തിരുനാളുകളും ഉൾപ്പെടുത്തി രക്ഷാകര ചരിത്രം മുഴുവൻ ഇത് ഓർമിപ്പിക്കുന്നു

19)പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ആദ്യം ആരാണ് വി.കുർബ്ബാന സ്വീകരിക്കുന്നത്?

ഈശോമിശിഹായുടെ സ്ഥാനത്തുനിന്ന് വി. കുർബ്ബാന അർപ്പിച്ച കാർമ്മികൻ.

20) കാർമ്മികൻ ആദ്യം വിശുദ്ധ കുർബാന സ്വീകരിക്കുന്നതിനെപ്പറ്റി ഗബ്രിയേൽ ഖത്രായ എന്ത്

പഠിപ്പിക്കുന്നു?

നിത്യ പുരോഹിതനായ ഈശോയ്ക്ക് സംഭവിച്ചതാണ് കാർമ്മികൻ ആദ്യം വിശുദ്ധ കുർബാന സ്വീകരിക്കുന്നത് സൂചിപ്പിക്കുന്നത്. കാർമ്മികൻ നിത്യ പുരോഹിതനായ ഈശോയുടെ സ്ഥാനത്താണ് നിൽക്കുന്നത്. മിശിഹാ ആദ്യം തന്റെ ബലിവഴിയും പരിശുദ്ധ റൂഹാ വഴിയും അമർത്യതയുടെ പോഷണം സ്വീകരിച്ചു. പിന്നീട് മറ്റുള്ളവർക്ക് നൽകാൻ യോഗ്യനായി.

## Week - 14 ( 19th March 2023)

1) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ ആരിൽ നിന്നാണ് കാർമ്മികൻ വിശുദ്ധ കുർബാന സ്വീകരിക്കുന്നത്?

മറ്റൊരു പുരോഹിതനിൽ നിന്ന്, പുരോഹിതൻ ഇല്ലെങ്കിൽ മ്ശംശാനയിൽ നിന്ന്.

2) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ എന്തുകൊ**ണ്ട**ാണ് കാർമ്മികൻ വിശുദ്ധ കുർബാന സ്വന്തമായി എടുത്ത് സ്വീകരിക്കാത്തത്?

- ദൈവത്തിന്റെ ദാനമാണ് വിശുദ്ധ കുർബാന. ദാനം സ്വീകരിക്കേ**ണ്ട**താണ് എടുക്കപ്പെടേ**ണ്ട**തല്ല.

3) വിശുദ്ധ കുർബാന സ്വീകരണത്തിനുള്ള പ്രദക്ഷിണം എന്തു സൂചിപ്പിക്കുന്നു?

സ്വർഗ്ഗവും ഭൂമിയും തമ്മിലുള്ള ക**ണ്ട**ുമുട്ടൽ.

4) പുരാതന പാരമ്പര്യം അനുസരിച്ച് എപ്രകാരമാണ് വിശുദ്ധ കുർബാന സ്വീകരിക്കേ**ണ്ട**ത്?

മിശിഹായുടെ ശരീരം കാർമ്മികന്റെ പക്കൽ നിന്നും. മിശിഹായുടെ രക്തം മ്ശംശാനയുടെ പക്കൽ നിന്നും.

5) മിശിഹായുടെ ശരീരം സ്വീകരിക്കുമ്പോൾ ഒരുവൻ കൈകൾ എപ്രകാരം പിടിക്കണം?

ഇടത്തു കൈക്ക് മുകളിൽ വലതു കൈവച്ച് കൈകൾ സ്ലീവാ ആകൃതിയിൽ കർത്താവിന്റെ ശരീരം സ്വീകരിക്കണം. അങ്ങനെ വിശ്വാസികൾ സ്ലിവാമേൽ നമ്മുടെ കർത്താവിന്റെ ശരിരം സ്വീകരിക്കുന്നു.വിശ്വാസികൾ സകലത്തിന്റെയും കർത്താവിന്റെ ആരാധ്യമായ ശരിരം കൈകളിൽ സ്വീകരിക്കുന്നു, ആലിംഗനം ചെയ്യുന്നു, സ്നേഹത്തോടും വത്സല്യത്തോടും കൂടെ ചുബിക്കുന്നു അതിനു ശേഷം ഉൾകൊള്ളുന്നു.

6) സ്ലീവാ ആകൃതിയിൽ കൈകൾ വെച്ച് കർത്താവിന്റെ ശരീരം സ്വീകരിക്കുന്നത് സൂചിപ്പിക്കുന്നത് എന്ത്?

നമ്മുടെ കർത്താവിശോമിശിഹായുടെ കുരിശുമരണം.

7) വിശുദ്ധ കുർബാന എഴുന്നേറ്റ് നിന്ന് സ്വീകരിക്കുന്നത് സൂചിപ്പിക്കുന്നത് എന്ത്?

നമ്മുടെ കർത്താവിശോമിശിഹായുടെ ഉത്ഥാനം.

8) വിശുദ്ധ കുർബാന സ്വീകരണത്തിനു ശേഷമുള്ള''തെശ്ബൊഹ്ത്ത'' സൂചിപ്പിക്കുന്നതെന്ത്?

സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും പ്രകടനം. വരാനിക്കുന്ന ലോകത്തെ, സ്തുതിയുടെ ചിത്രം.

9) ''തെശ്ബൊഹ്ത്ത''എന്ന സുറിയാനി വാക്കിന്റെ അർത്ഥം?

സ്തുതി.

10) വിശുദ്ധ കുർബാന സ്വീകരിച്ച ശേഷമുള്ള ''തെശ്ബൊഹ്ത്ത'' രചയിതാക്കൾ ആരെല്ലാം?

ഞായറാഴ്ചകളിലും വിശുദ്ധരുടെ ഓർമ്മയിലും; മാർ അപ്രേം.

കർത്താവിന്റെ തിരുന്നാളുകളിൽ; മാർ യാസ്ദിൻ.

മരണ ഓർമ്മകളിലും സാധാരണ ദിവസങ്ങളിലും; മാർ തിമോത്തി ഒന്നാമൻ.

11) 'പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ.' എന്ന കാറോസുസ മ്ശംശാന എവിടെവച്ച് ആരംഭിക്കണം?

കങ്കേയുടെ കാവാടത്തിൽ.

12) 'പരിശുദ്ധാത്മാവിന്റെ കൃപാവരത്താൽ.' എന്ന കാറോസൂസായിൽ മ്ശംശാന ഓർമ്മിപ്പിക്കുന്നത് എന്ത്?

ദൈവീക രഹസ്യങ്ങൾക്ക് നമ്മെ യോഗ്യരാക്കിയ ദൈവത്തിനു നന്ദി പറയാനും ആരാധിക്കുവാനും.

13) കാർമ്മികന്റെ നന്ദി പ്രകാശനം എന്തുകൊ**ണ്ട**ാണ് കുർബാനയുടെ അവസാനം നൽകിയിരിക്കുന്നത്?

യഹൂദ പെസഹ അവസാനിച്ചിരുന്നത് നന്ദി പ്രകാശനത്തോടെയാണ്, ഈശോ അന്ത്യാഅത്താഴം അവസാനിപ്പിച്ചത് നന്ദി പ്രകാശനത്തോടെയാണ്. (മത്തായി 26:30)

14) എപ്രകാരമാണ് കാർമ്മികൻ കൃത്ജ്ഞത പ്രാർത്ഥന ചൊല്ലിയിരുന്നത്?

മദ്ബഹായ്ക്ക് നടുവിൽ നിന്ന് കൈകൾ ഉയർത്തി ഉറക്കെ പ്രാർത്ഥിച്ചിരുന്നു.

15) എന്തുകൊ**ണ്ട**ാണ് വിശുദ്ധ കുർബാനയുടെ അവസാനം സ്വർഗ്ഗസ്ഥനായ പിതാവ് എന്ന പ്രാർത്ഥന ചൊല്ലുന്നത്?

വരാനിരിക്കുന്ന ലോകത്തിലും ദൈവത്തെ പിതാവ് എന്ന് വിളിക്കുന്നതിന്റെ അടയാളം.

16) ഹുത്താമ  എന്ന വാക്കിന്റെ അർത്ഥം എന്താണ്?

മുദ്രവയ്ക്കൽ.

17) ഹുത്താമ്മ  (സമാപന പ്രാർത്ഥനയും ആശീർവാദവും)യുടെ അർത്ഥം എന്താണ്?

സുലാക്കാ (സ്വർഗ്ഗാരോഹണ) സമയത്ത് നമ്മുടെ കർത്താവ് ശിഷ്യന്മാർക്ക് നല്കിയ ആശിർവാദം.

18) എവിടെനിന്നാണ് ഹുത്താമ്മ നൽകേ**ണ്ട**ത്?

മദ്ബഹായുടെ കവാടത്തിന്റെ അല്പം വലതുവശത്ത് കാർമ്മികൻ നിൽക്കണം.

19) മദ്ബഹായുടെ കവാടത്തിൽ നിന്ന് ഹുത്താമ്മ  നല്കുന്നത് സൂചിപ്പിക്കുന്നതെന്ത്?

കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷം ശ്ലീഹന്മാർക്കു**ണ്ട**ായ റൂഹാദ്കൂദാശയുടെ കൃപയുടെ ആവാസം.

20) ബേമയിൽ നിന്നും ഹുത്താമ നൽകുന്നതിലെ അപാകത എന്താണ്?

ബേമ ഓർശ്ലേമിന്റെ പ്രതീകമാണ്. സ്വർഗ്ഗാരോഹണം ഒലിവുമലയിലായിരുന്നു.

(ലൂക്കാ 24:5152)

## Week - 15 ( 26th March 2023)

1) ഈശോയാബ് നാലാമന്റെ അഭിപ്രായത്തിൽ കൂദാശയുടെ (അനാഫൊറ)സമയത്ത് പുരോഹിതൻ എത്ര കുരിശയാടയാളം വരയ്ക്കുന്നു**ണ്ട്**?

ഒൻപത്.

2) തിരുശരീരത്തിനും തിരുരക്തത്തിനും ഉപയോഗിക്കുന്ന പൗരസ്ത്യ സുറിയാനി  പദങ്ങൾ ഏവ?

പഗ്റാ (തിരുശരീരം), ദ്മാ (തിരുരക്തം)

3) ഈശോയാബ് നാലാമന്റെ  അഭിപ്രായത്തിൽ കൂദാശയുടെ (അനാഫൊറ)സമയത്ത് പുരോഹിതൻ വരയ്ക്കുന്ന

കുരിശ് അടയാളങ്ങൾ ഏവ?

മൂന്നെണ്ണം തന്റെ മേലും.

മൂന്നെണ്ണം തിരുശരീരത്തിന്റെയും (പഗ്റാ) തിരുരക്തത്തിന്റെയും(ദ്മാ) മേലും.

മൂന്നെണ്ണം  ജനങ്ങളുടെ മേലും.

4) ഈശോയാബ് നാലാമന്റെ അഭിപ്രായത്തിൽ എന്തുകൊ**ണ്ട**ാണ് കൂദാശയുടെ സമയത്ത് ധൂപാർപ്പകൻ

വലതുവശത്ത് നിൽക്കേണ്ടത്?

ധൂപാർപ്പകൻ കഹ്നയായുടെ വലതുവശത്ത് ആയിരിക്കണം കാരണം കഹ്നയാണ് പഗ്റാ വിശുദ്ധീകരിക്കുന്നത്. കുർബാനയുടെയും കഹ്നയുടെയും അവൻ ഉച്ചരിക്കുന്ന വിശുദ്ധ വചനങ്ങളുടെയും ബഹുമാനാർത്ഥം പരിമളദ്രവ്യങ്ങൾ കത്തിക്കുന്നു.

5) ഈശോയാബ് നാലാമൻ മാർ സ്ലീ-വായെയും വിശുദ്ധ ഏവൻഗേലിയോനെയും പറ്റി എന്താണ്പ റയുന്നത്?

മാർ സ്ലീ-വായും വിശുദ്ധ ഏവൻഗേലിയോനും മദ്ബഹായിൽ നിന്ന് മാറ്റരുത്. ഇവയില്ലാതെ വി ശുദ്ധ രഹസ്യങ്ങളുടെ കൂദാശ നടത്തരുത്.

6) ഷൗത്താപൂസായുടെ എന്ന വാക്ക് എന്തിനെ സൂചിപ്പിക്കുന്നു ?

കൂട്ടായ്മയും ഐക്യവും വിശുദ്ധ കുർബാനയിലെ പങ്കാളിത്തവും.

7) എന്തുകൊണ്ടാണ് കാർമ്മികൻ ഊറാറ സുനാറയ്ക്കു മുകളിൽ ധരിക്കുന്നത്?

കാർമ്മികൻ പരിശുദ്ധ വസ്ത്രങ്ങൾ ചെറിയ പട്ട ക്രമങ്ങളിലൂടെ സ്വീകരിച്ച ക്രമത്തിലാണ് ധരിക്കു ന്നത്.' 'ഇരുവശങ്ങളിലേക്കും ഒഴുകി കിടക്കുന്ന ഊറാറ ശുശ്രൂഷയുടെ പൂർണ്ണ സ്വാതന്ത്ര്യം വെളി വാക്കുന്നു.' (മൊപ്സുഎസ്റ്റ്യയായിലെ മാർ തെയഡോർ).

8) ആമേൻ എന്ന വാക്കിനെ പറ്റി മൊപ്സുഎസ്റ്റ്യയായിലെ തെയഡോർ എന്ത് പഠിപ്പിക്കുന്നു?

കാർമ്മികൻ ചൊല്ലുന്ന പ്രാർത്ഥനയോടുള്ള ജനത്തിന്റെ സമ്മതവും സ്വീകാര്യതയും ആണ് സൂചിപ്പിക്കുന്നത്.

9) ഏവൻഗേലിയോന് ശേഷമുള്ള കാറോസൂസ മ്ശംശാന ചൊല്ലണമെന്ന് തീരുമാനിച്ചത് എന്ന്?

സെലൂഷ്യ സ്റ്റെസിഫോൺ സൂനഹദോസിൽ (എ.ഡി 410)

10) എന്തുകൊണ്ടാണ് കാറോസൂസയ്ക്ക് ശേഷമുള്ള പ്രാർത്ഥന കാർമ്മികൻ വിരിച്ച കൈകളോടെ ചെല്ലുന്നത്?

യഹൂദരുടെയും വിജാതിയരുടെയും പാരമ്പര്യമാണിത്. മിശിഹായുടെ സ്ലീവായിലെ അവസാന പ്രാർത്ഥന ഇത് സൂചിപ്പിക്കുന്നു. പ്രാർത്ഥനയുടെയും എളിമയുടെയും മദ്ധ്യസ്ഥതയുടെയും അട യാളമാണിത്.

11) 'കേൾവിക്കാർ പോയി വാതിൽ സംരക്ഷിക്കുക'. കാറ്റെകൂമെൻസിനെ പുറത്താക്കുന്ന സമയത്ത് ഇത് ആര് ആരോട് പറഞ്ഞിരുന്നു?

മ്ശംശാന ഹെവ്പദ്യാക്കോനൂസായോട്. വാതിൽ സംരക്ഷണം ഹെവ്പദ്യാക്കോനൂസായുടെ കട മയാണ്.

12) കാസായിൽ വെള്ളമൊഴിക്കുന്നതിനെ കുറിച്ച് മൊപ്സുഎസ്റ്റ്യയായിലെ മാർ തെയഡോർ പഠിപ്പിക്കുന്നത് എന്ത്?

വിശുദ്ധ കുർബാന ഈശോമിശിഹായുടെ മരണം അനുസ്മരിക്കുന്നു. സ്ലീവായിൽ കുന്തം കൊണ്ട് കുത്ത പ്പെട്ടപ്പോൾ ഈശോയുടെ തിരുവിലാവിൽ നിന്ന് രക്തവും വെള്ളവും ഒഴുകി. ന മ്മുടെ രണ്ടാം ജന്മം ആയ മാമോദിസയിലെ അതേ അടയാളം വിശുദ്ധ കുർബാനിയിലും പ്രതിഫലി ച്ചിരിക്കുന്നു.

13) കാത്തോലിക്കാസ് മാർ യോഹന്നാന്റെ 25 ാം കാനൻ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ വെള്ളത്തിന്റെയും വീഞ്ഞിന്റെയും കാസയിലൊഴിക്കേണ്ട- അളവിനെ പറ്റി എന്തുപറയുന്നു?

അത് തുല്യ അളവിൽ ആയിരിക്കണം.

14) എത്ര തവണ കാർമ്മികൻ വിശുദ്ധ കുർബാനയിൽ കൈ കഴുകുന്നു**ണ്ട്** ? വ്യക്തമാക്കുക?

മൂന്ന് തവണ

വിശുദ്ധ കുർബാന ആരംഭിക്കുന്നതിനു മുൻപ്, ഓനീസ ദ്റാസയുടെ സമയത്ത്, കാർമികന്റെ

വിശുദ്ധ കുർബാന സ്വീകരണശേഷം.

15) ഹുത്താമ്മയ്ക്കു മുൻപുള്ള ര**ണ്ട്** പ്രാർത്ഥനകൾ അഭിസംബോധന ചെയ്യുന്നത് ആരെയാണ്?

ആദ്യ പ്രാർത്ഥന പരിശുദ്ധ ത്രിത്വത്തെയും.

ര**ണ്ട**ാം പ്രാർത്ഥന നമ്മുടെ കർത്താവിശോമിശിഹായെയും.

16) മാർ നർസ്സായിയുടെ അഭിപ്രായത്തിൽ വിശുദ്ധ രഹസ്യങ്ങൾ സ്വീകരിക്കാത്തവർക്ക് പോകാം എന്ന് ആരെ അഭിസംബോധന ചെയ്യുന്നു?

വിശുദ്ധ കുർബ്ബാന സ്വീകരിക്കാത്തവരെ. കാരണം കുർബാനയുടെ പൂർത്തീകരണത്തിന് വിശുദ്ധ കുർബാന സ്വീകരണം അനിവാര്യമാണ്.

17) പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ കാർമ്മികന്റെ കൈസ്‌ലീവാ പള്ളിയിൽ നിന്നു പോരുന്നതിനു മുൻപ് ചുംബിക്കുന്നതിന്റെ അടയാളം എന്ത്?

ഈശോമിശിഹായിൽ സ്വന്തമാക്കിയ കൂട്ടായ്മയും വിശുദ്ധ രഹസ്യങ്ങളിലെ പങ്കാളിത്തത്തിന്റെ വിളിക്കുള്ള സ്നേഹവും നന്ദി.

18)അന്ത്യോക്യായിലെ ഇഗ്നേഷ്യസ് വി കുർബാനയെ വിളിക്കുന്നത് എന്ത്?

അമർത്യയുടെ ഔഷധവും ജീവന്റെ അപ്പവും.

19)നിഖ്യ സൂനഹദോസ് (മിശിഹാ വർഷം 325) കാനൻ 20 പഠിപ്പിക്കുന്നത് എന്ത് ?

കർത്താവിന്റെ ദിവസവും പന്തക്കുസ്താ ദിനങ്ങളിലും (ഈസ്റ്റർ മുതൽ പന്തക്കുസ്ത വരെ)ആരാധനക്രമ

പ്രാർത്ഥനകളിൽ മുട്ടുകുത്തൽ നിരോധിക്കുകയും അത് എഴുന്നേറ്റുനിന്ന് ദൈവത്തിന് അർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തു.

20) തൈബൂസാ എന്ന വാക്കിനർത്ഥം എന്ത്?

കൃപ.